For Private Circulation Only

June 2026

ആഗമനാത്മാവ്

HOLY BIBLE

Vol.73 | “നീതിയിൽ വിതയ്ക്കുവിൻ, ദയക്കൊത്തവണ്ണം കൊയ്യുവിൻ നിങ്ങളുടെ തരിശു നിലം .....അവനെ അന്വേഷിക്കുവാനുള്ള കാലം ആകുന്നുവല്ലോ” (ഹോശേയ 10:12) | No.6

ഉണർവ്വിന്റെ മഹത്വകരമായ വരവ്

By Ted S.Rendall

വേദഭാഗ വായന ഹോശെ.14.

“അവന്റെ നിഴലിൽ പാർക്കുന്നവർ വീണ്ടും ധാന്യം വിളയിക്കുകയും മുന്തിരിവള്ളി പോലെ തളിർക്കുകയും ചെയ്യും; അതിന്റെ കീർത്തി ലബാനോനിലെ വീഞ്ഞിന്റേതുപോലെ ഇരിക്കും” (ഹോശ.14;7). ഹോശെയയുടെ അവസാന അധ്യായത്തിൽ ഉണർവ്വിനെക്കുറിച്ചുള്ള സത്യങ്ങളുടെ താക്കോൽ തുറന്നു വയ്ക്കുകയാണ്. ഉപദ്രവിക്കപ്പെട്ട, പിന്മാറ്റത്തിലായ തന്റെ ജനം മഹത്വകരമായി ഉണർവ്വു പ്രാപിക്കുക എന്നുള്ളത് ദൈവത്തിന്റെ ഹൃദയത്തിലെ ആഗ്രഹമാണ്. ഈ ഉണർവ്വിന്റെ വാഗ്ദത്തം അവരുടെ ഉണർവ്വിന്റെ ഉറപ്പു നൽകുകയും ഉണർവ്വ് അവർക്ക് ധാരാളമായി അനുഭവമാകുകയും ചെയ്യുകയാണ്.

പ്രവാചകൻ തന്റെ ശുശ്രൂഷ ചെയ്യുന്നത് ഇസ്രായേലിലാണ്, പത്തു ഗോത്രങ്ങൾ ഉൾക്കൊള്ളുന്നതായ രാജ്യം, എഫ്രയീം എന്നറിയപ്പെടുന്ന വലിയ രാജ്യം. ഉല്പത്തി. 41:52-ൽ നാം പഠിക്കുന്നത്, എഫ്രയീം ഫലപ്രദമായ വൃക്ഷം എന്നാണ്. ഈ അർത്ഥത്തിലാണ് ഹോശെയ ശുശ്രൂഷിക്കുമ്പോൾ അദ്ദേഹം ആവർത്തിച്ച് പറയുന്നത് ഒന്നുകിൽ ഫലമുള്ളവരായിരിക്ക അല്ലെങ്കിൽ ഫലമില്ലാത്തവർ ആയിരിക്കുക. ഈ ആശയത്തെ ഉൾക്കൊണ്ടുകൊണ്ടാണ് ഫലമുള്ളവരായിരിക്ക എന്ന് ഹോശെയ 9:16 നാം വായിക്കുന്നത് എഫ്രയീമിന് പുഴുക്കുത്തു പിടിച്ചു; അവരുടെ വേർ ഉണങ്ങിപ്പോയി; അവർ ഫലം കായ്ക്കയില്ല; അവർ പ്രസവിച്ചാലും ഞാൻ അവരുടെ ഇഷ്ടകരമായ ഗർഭഫലത്തെ കൊന്നുകളയും.

നമുക്കു ഫലപ്രദമായി ചിന്തിക്കാം. മറ്റൊരു ഉണർവ്വിന്റെ പാഠത്തിൽ, ദൈവം ആവശ്യപ്പെടുന്നത്, “നീതിയിൽ വിതെയ്ക്കുവിൻ, ദയയ്ക്കൊത്തവണ്ണം കൊയ്യുവിൻ; നിങ്ങളുടെ തരിശുനിലം ഉഴുവിൻ; യഹോവ വന്ന് നിങ്ങളുടെ മേൽ നീതി വർഷിപ്പിക്കേണ്ടതിന് അവനെ അന്വേഷിപ്പാനുള്ള കാലം ആകുന്നുവല്ലോ”. (ഹോശെയ 10:12). ഇപ്പോൾ എന്തുകൊണ്ടാണ് 14-ാം അധ്യായത്തിൽ കൃഷിയുടെ ഭാഷയിൽ സംസാരിക്കുന്നത്. ദൈവത്തിന്റെ വാഗ്ദത്തം ഇങ്ങനെയാണ്, ഒരുവൻ പാപം ചെയ്തതിന് ശേഷം അവൻ അതിൽ നിന്നും വിടുവിക്കപ്പെട്ടാൽ അവന് ഫലപ്രദമായ ജീവിതം നയിപ്പാൻ കഴിയുന്നതാണ്.

ഇപ്പോൾ അത് നിങ്ങൾ ആഗ്രഹിക്കുന്നു എങ്കിൽ, ഏത് അളവുവരെ ഉണർവ്വും ഉദ്ധാരണവും പ്രാപിക്കാം എന്ന് ഞാൻ നിങ്ങളെ കാണിക്കാം. യേശുവിന്റെ പഠിപ്പിക്കലുകളിൽ, നിങ്ങൾ ഫലം കായ്ക്കേണം, കൂടുതൽ ഫലം കായ്ക്കേണം. അധികം ഫലം കായ്ക്കേണം, നിങ്ങളുടെ ഫലം നിലനിൽക്കേണം (യോഹ. 15:2-5, 16 കാണുക). നിങ്ങളുടെ ദാരുണമായ അനുഭവത്തിൽ നിന്നും വിടുതലും ഉദ്ധാരണവും പ്രാപിക്കാനാഗ്രഹിക്കുന്നു എങ്കിൽ, എന്താണ് പ്രവാചകൻ ഉണർവ്വിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് എന്ത് എന്ന് ഗ്രഹിക്കേണം, പ്രകൃത്യാതീതമായ വളർച്ച ഉണർവ്വിലൂടെ എങ്ങനെ നേടാം എന്നു കൂടി ഗ്രഹിക്കേണം.

ഉണർവ്വിന്റെ വിളബരം

ആദ്യമായി, ഉണർവ്വിനെക്കുറിച്ചുള്ള വിളബരം നാം അംഗീകരിക്കും. ഹോശെയ 14:1-3-ൽ കൃപയുടെ ദൈവം നമുക്കായി വിളബരം ചെയ്യുന്ന ഉണർവ്വിന്റെ ഒരു രൂപ രേഖ കാണാം. ഈ സത്യത്തെ ഞാൻ ഉറപ്പിച്ചു പറയട്ടെ, നമ്മുടെ ക്ഷീണത്തിലും ഫലമില്ലായ്മയിലും ദൈവം നമുക്കു വേണ്ടി ഇറങ്ങി വന്ന് ഉണർവ്വിന്റെയും ഉദ്ധാരണത്തിന്റെയും വിളംബരം തന്ന് നമ്മെ ആരോഗ്യവാന്മാരും ഫലമുള്ളവരും ആക്കിത്തീർത്തു. നോർമ്മൻ ഗ്രബ് പറഞ്ഞിരിക്കുന്നു: “ദൈവം താൻ നമ്മുടെ വലിയ ഉണർവ്വ് ദായകൻ യഥാർത്ഥ ഉണർവ്വ് ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്നു.

അനുഗ്രഹത്തിന്റെ വഴിയിൽ രണ്ട് അടിസ്ഥാന ചിത്രങ്ങൾ ഈ ഉണർവ്വിന്റെ വിളബരത്തോടുള്ള ബന്ധത്തിൽ കാണാൻ കഴിയും. ആദ്യമായി, ഈ ഉണർവ്വിന്റെ വിളബരം പാപത്തിന്റെ കാഠിന്യത്തെ അംഗീകരിക്കുന്നു. എങ്ങനെയാണ് പ്രവാചകൻ ആരംഭിക്കുന്നത്: യിസ്രായേലേ, നിന്റെ ദൈവമായ യഹോവയിങ്കലേക്ക് മടങ്ങിവരിക; നിന്റെ അകൃത്യത്തിൽ അല്ലോ നീ വീണിരിക്കുന്നത്. (വാക്യം1). വീഴാത വണ്ണം നമ്മെ സൂക്ഷിപ്പാൻ കഴിവുള്ളവൻ (യൂദ 24), വെളിച്ചത്തിന്റെ പാതയിൽ പാപമാണ് നമ്മുടെ ഇടർച്ചക്കല്ല്. നിങ്ങൾ ഇപ്പോഴും ഇടർച്ചയിലായിരിക്കുന്നുവോ? എങ്കിൽ ഏതു പാപമാണ് നിങ്ങളുടെ ജീവിതത്തിൽ ഇടർച്ചക്ക് കാരണമായിരിക്കുന്നത് എന്ന് വേഗത്തിൽ കണ്ടുപിടിക്കുക.

യിസ്രായേലിന്റെ കാര്യത്തിൽ അന്യ ദൈവങ്ങളായിരുന്നു അഥവാ വിഗ്രഹങ്ങൾ ആയിരുന്നു. ഇത് തുടർച്ചയായി അവർക്ക് ഇടർച്ചയ്ക്ക് കാരണമാക്കി. അപ്പോസ്തലനനായ യോഹന്നാൻ തന്റെ ഒന്നാമത്തെ ലേഖനം ഒരു നാക്കിനാലും ഒരു മറുപടി അപേക്ഷയാലും തന്റെ ലേഖനം പൂർത്തിയാക്കി: “കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോട് അകന്നു സൂക്ഷിച്ചുകൊൾവിൻ” (1യോഹ. 5:21). വിഗ്രഹങ്ങളാൽ താൻ ആവശ്യമില്ലാതെ സ്വർണ്ണം കൊണ്ടും വെള്ളികൊണ്ടും കല്ലുകൊണ്ടും കൊത്തിയുണ്ടാക്കിയ വിഗ്രഹങ്ങളെക്കുറിച്ചു പരാമർശിക്കേണ്ടി വന്നു. ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം വിഗ്രഹം എന്നത് ഒരു ലക്ഷ്യം, ഒരു ആനന്ദം, ഒരു കൂട്ടായ്മ, ഒരു സ്വാധീനം, ഒരു അടിമത്വം, ദൈവത്തിനും എനിക്കും മധ്യേ ഒരു ഫലമില്ലാത്ത അനുഭവം.

ദു:ഖത്തോടെ പറയട്ടെ, ചില ദൈവത്തിന്റെ ജനം

(ശേഷം 2-ാംപേജിൽ)

(1-ാംപേജിന്റെ തുടർച്ച)

ഉണർവ്വിന്റെ മഹത്വകരമായ വരവ്

എന്ന് പറയുന്നവർക്ക് അവർ പാപത്തെ ഗൗരവമായി എടുക്കുന്നില്ല. ചിലർ പറയുന്നു, “ ഇതിൽ അത്ര ഗൗരവമായി ഒന്നും തന്നെയില്ല! ദൈവം നോക്കിക്കൊള്ളും ”. ഏറെ ദു:ഖകരം എന്നതു, അവർ പറയുന്നു പാപത്തെ ഏറ്റുപറയേണ്ട കാര്യമില്ല. അതല്ല ദൈവം തന്റെ ജനത്തോട് പറയുന്നത്. പകരം ദൈവം പറയുന്നു... നിന്റെ അകൃത്യം നിമിത്തം അല്ലോ നീ വീണിരിക്കുന്നത് (ഹോശയെ. 14:1).

രണ്ടാമതായി ശ്രദ്ധിക്കുക, ഉണർവ്വിന്റെ പുതുക്കത്തിനും വളർച്ചയ്ക്കും ചില പടികളുണ്ട്. പാപം നിമിത്തം ഇടർച്ചയിലായിരിക്കുന്ന വിശ്വാസികൾ ഇറങ്ങിപോകുന്നു. ഇവിടെ അഞ്ചു പടികൾ ചുവടെ ചേർക്കുന്നു.

1) മടങ്ങി വരവ്. നമ്മുടെ ദൈവമായ കർത്താവിങ്കലേയ്ക്ക് നാം മടങ്ങി വരേണം. “ യിസ്രായേലേ, നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങിച്ചെല്ലുക ”. (വാക്യം. 1) ഈ വചനം ശ്രദ്ധിക്കുക. കർത്താവ് തന്റെ കൂട്ടായ്മയിലേക്ക് മടങ്ങി വന്ന് ഫലമുളളവരായിരിക്കുവാൻ അവരെ വിളിക്കുന്നു. നാം ദൈവത്തിന്റെ വിശുദ്ധയുടെ വിശാലമായ വീഥിയിൽ നാം ഇടറിപ്പോയപ്പോൾ ദൈവം നമ്മെ സ്വന്തം കാലിൽ നില്ക്കാൻ തള്ളിക്കളയാതെ, കരം പിടിച്ചുയർത്തി ബലപ്പെടുത്തി തുടർന്നുള്ള യാത്രക്കു വേണ്ടി നമ്മെ ബലപ്പെടുത്തി.

2) അപേക്ഷ ശുദ്ധീകരിച്ചു, അംഗീകരിച്ചു: നിങ്ങൾ അനുതാപ വാക്യങ്ങളോടുകൂടെ യഹോവയുടെ അടുക്കൽ മടങ്ങിച്ചെന്നു. സകല അകൃത്യത്തെയും ക്ഷമിച്ച്, ഞങ്ങളെ കൃപയോടെ കൈക്കൊള്ളേണമേ (വാക്യം 2). ഇവിടെ ദൈവം തന്റെ മുമ്പാകെ പ്രാർത്ഥിക്കുവാൻ ഒരു പദ്ധതി നമുക്കുവേണ്ടി ഒരുക്കുന്നു. എല്ലാ അകൃത്യങ്ങളും എടുത്തു മാറ്റും. നിങ്ങൾ അതിന് വേണ്ടി ഒരുങ്ങിയിട്ടുണ്ടോ? പാപത്തിന്റെ കുറ്റത്തിൽ നിന്നും മാത്രമല്ല, നിങ്ങളുടെ അകൃത്യങ്ങളുടെ പിടിയിൽ നിന്നും വിടുതൽ പ്രാപിപ്പാൻ നിങ്ങൾ തയ്യാറാണോ? എന്താണ് ദൈവത്തിന് ഈ കാര്യത്തിൽ ചെയ്യാൻ കഴിയുക എന്ന് മീഖാ പ്രവാചകൻ പറയുന്നത് എന്ത് എന്ന് പരിഗണിക്കാം. അദ്ദേഹം ഇങ്ങനെ ആരംഭിക്കുന്നു. “ അകൃത്യം ക്ഷമിക്കയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോട് അതിക്രമം മോചിക്കുകയും ചെയ്യുന്ന നിന്നോട് സമനായ ദൈവം ആരുള്ളൂ? ” (മീഖാ. 7:18). അത് പാപത്തെ ക്ഷമിക്കും. സ്തോത്രം!. ന്യായവിധിയിൽ നിന്നും പാപത്തിന്റെ സ്വാധീനത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കും!

3) പരിഹാരം. അത് ദൈവത്തിന് മഹത്വം കരേറ്റും.

(ശേഷം 3-ാംപേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ യഹോവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു. ഞാൻ യിസ്രായേൽ ഗൃഹത്തെ ചിതറിപ്പോയിരിക്കുന്ന ജാതികളുടെ ഇടയിൽ നിന്നു ശേഖരിച്ചു ജാതികൾ കാൺകെ എന്നെത്തന്നെ അവരിൽ വിശുദ്ധീകരിക്കുമ്പോൾ ഞാൻ എന്റെ ദാസനായ യാക്കോബിനു കൊടുത്ത ദേശത്ത് അവർ പാർക്കും. അവർ അതിൽ നിർഭയമായി വസിക്കും. അതെ അവർ വീടുകളെ പണിത് മുന്തിരിത്തോട്ടങ്ങളെ ഉണ്ടാക്കും. അവരുടെ ചുറ്റുമുള്ളവരായി അവരെ നിന്ദിക്കുന്ന ഏവരിലും അവർ ന്യായവിധികളെ നടത്തുമ്പോൾ അവർ നിർഭയമായി വസിക്കും. ഞാൻ അവരുടെ ദൈവമായ യഹോവ എന്ന് അവർ അറിയും ” (യെഹെ. 28:25,26).

2026 മെയ് മാസം നമ്മെ വിട്ട് കടന്നു പോയി. ജൂൺ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

“ എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്ക് തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്. ഭ്രമിക്കയുമരുത്. ” (യൊഹ. 14:27) എന്നുള്ളത് വാഗ്ദത്തം ചെയ്ത നമ്മുടെ സത്യ ദൈവവും നിത്യജീവനുമായ കർത്താവായ യേശുക്രിസ്തുവിലുള്ള പൂർണ്ണ സമാധാനവും സന്തോഷവും പ്രത്യാശയും കൊണ്ട് നാം എല്ലാവരും നിറഞ്ഞ് അനുഗ്രഹിക്കപ്പെടട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

കാറ്റും തിരമാലകളും കണ്ട് ഭയപ്പെട്ട ശിഷ്യന്മാരോട് കർത്താവ് പറഞ്ഞത്. “ ധൈര്യപ്പെടുവിൻ പേടിക്കേണ്ട ഞാനാകുന്നു ”. എന്നാണ് (മത്താ. 14:2) നമ്മുടെ കുടുംബ ജീവിതത്തിലെ കൊടുങ്കാറ്റിന്റെ മദ്ധ്യത്തിലും കർത്താവ് പറയുന്നത് ഇതു തന്നെയാണ്. നമ്മുടെ കുടുംബജീവിതം ധന്യമായി തീർക്കുവാൻ സർവ്വശക്തനായ കർത്താവ് ഓരോരുത്തർക്കും കൃപ നൽകട്ടെ.

ദൈവത്തിനിഷ്ടമില്ലാത്ത കാര്യങ്ങൾ നമ്മിലുണ്ടെങ്കിൽ അത് പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്നു. ദൈവത്തിന്റെ ആത്മാവ് സത്യത്തിന്റെയും വിശ്വാസത്തിന്റെയും കൃപയുടെയും ജ്ഞാനത്തിന്റെയും വിശുദ്ധിയുടെയും ആത്മാവാണ്. കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെട്ടുകൊണ്ട് ഓരോ ദിവസവും ജീവിക്കുവാൻ കർത്താവ് നിങ്ങൾക്ക് കൃപ നൽകട്ടെ.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

ആഗമനദൂതൻ മാസിക വായിച്ച് ദൈവം നിങ്ങളെ അനുഗ്രഹിച്ചുവെങ്കിൽ ഞങ്ങൾക്ക് എഴുതണം. അതുപോലെ ഞങ്ങൾക്കെഴുതുക. മറുപടി എഴുതാം. പ്രാർത്ഥിക്കാം. നിങ്ങളുടെ കത്ത് പ്രതീക്ഷിച്ചുകൊണ്ട്

ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
ങീയ: **9446590913, 9809882926**

കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ., തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

(2-ാംപേജിന്റെ തുടർച്ച)

ഉണർവ്വിന്റെ മഹത്വകരമായ വരവ്

"എന്നാൽ ഞങ്ങളുടെ അധരാർപ്പണമായ കാളകളെ അർപ്പിക്കും". (ഹോശെയ 14:2). അതൊരു രസകരമായ പ്രസ്താവനയാണ്. അധരാർപ്പണമായ യാഗം അക്ഷരീകമായി, അധരങ്ങളുടെ ഒരു പൂർണ്ണമായ കാളക്കുട്ടി. എന്താണ് ഇതിന്റെ അർത്ഥം? അതെ, സ്തുതിയെ നമ്മുടെ കർത്താവുമായി താരതമ്യപ്പെടുത്തുകയാണ്, നന്ദിയർപ്പണമായിട്ടുള്ള, യാഗപീഠത്തിന്മേൽ വയ്ക്കുന്ന പൂർണ്ണ കാളക്കുട്ടിയോട് താരതമ്യം ചെയ്യുകയാണ്. ദൈവം മൃഗങ്ങളുടെ യാഗത്തിൽ തൃപ്തിപ്പെടുന്നില്ല, ആളുകളുടെ അധരങ്ങളിൽ നിന്നുള്ള ബഹുമാനം ആണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം ഇപ്പോഴും അധരാർപ്പണമായ യാഗമാണ് ആഗ്രഹിക്കുന്നത്. എബ്രായർ 13:5-ൽ നാം വായിക്കുന്നു, " അതുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിന് അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കേണ്ടതാണ് " (എബ്രാ. 13:15).

4) ഉപേക്ഷിക്കുക, നാലാമത്തെ പടി. ദൈവത്തിങ്കലേക്ക് മടങ്ങിവരിക എന്നാണ്. അതിനോടുള്ള ബന്ധത്തിൽ മറ്റെല്ലാ സഹായങ്ങളും നാം ഉപേക്ഷിക്കേണ്ടതാണ്. അശൂർ ഞങ്ങളെ രക്ഷിക്കുകയില്ല; ഞങ്ങൾ കുതിരപ്പുറത്തു കയറി ഓടുകയോ ഇനി ഞങ്ങളുടെ കൈവേലയോട് ഞങ്ങളുടെ ദൈവമേ എന്ന് പറയുകയോ ചെയ്യുകയില്ല; അനാഥനു തിരുസന്നിധിയിൽ കരുണ ലഭിക്കുന്നുവല്ലോ എന്നു പറവിൻ (ഹോശെ. 14:3). പിന്മാറ്റക്കാലത്ത് അവർക്കു ആശ്രയിച്ചിരുന്ന സകലത്തിൽ നിന്നും സമ്പൂർണ്ണമായ ഒരു വേർപാട് പാലിക്കേണ്ടതാണ്. ഹോശെയയുടെ കാലത്ത് അവർ രണ്ട് കാര്യങ്ങളിൽ ആശ്രയിച്ചു. അസീറിയ പോലുള്ള രാജ്യങ്ങളുമായി സഖ്യങ്ങളിൽ ഏർപ്പെട്ടു വിഗ്രഹങ്ങൾ പ്രത്യേകിച്ചു ബാൽ വിഗ്രഹങ്ങളോട് ഇവിടെ അവർ ഈ തെറ്റായ ഉറവിടങ്ങളോട് ഒരിക്കൽ എന്നേക്കുമായി വിടപറയുന്നു.

5) അംഗീകരിക്കുന്നു. ദൈവത്തിന്റെ കരുണയെ അംഗീകരിക്കുന്നു. മൂന്നാം വാക്യത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചാമത്തെ പടി ഇവിടെ കാണുന്നു - അനാഥന് കരുണ ലഭിക്കുന്നു. ഇവിടെ സന്തോഷത്തോടെ അന്യ ദൈവങ്ങളെ ഉപേക്ഷിക്കുന്നു. ദൈവം തന്റെ ജനത്തിന്റെ പിതാവ്, അനാഥന് കരുണ ലഭിക്കുന്നു ദൈത്തിൽ ഹോശെയ 13:3-ൽ ദൈവം തന്റെ ജനത്തിന്റെ പിതാവ് എന്നതിന്റെ ശരിയായ ചിത്രം ലഭിക്കുന്നു. ഞാൻ എഫ്രയീമിനെ നടപ്പാൻ ശീലിപ്പിച്ചു. ഞാൻ അവരെ എന്റെ ഭുജങ്ങളിൽ എടുത്തു. അങ്ങനെയുള്ള ചിത്രം ദൈവത്തിൽ നിങ്ങൾക്ക് കാണാൻ കഴിയുമോ, നടക്കാനും ഓടുവാനും പരിശീലിപ്പിക്കുന്ന ഭുജങ്ങളിൽ വഹിക്കുന്ന ഒരു ദൈവത്തെ അതെ, എത്ര കരുണയുള്ള ദൈവം, പലപ്പോഴും നാം അവിടുത്തെ നാം പലപ്പോഴും അനുസരിക്കാതിരിക്കുന്നു!

ഉണർവ്വിന്റെ ആരംഭം

ഉണർവ്വിന്റെയും പുതുക്കത്തിന്റെയും വിളബരത്തിന് അംഗീകാരം, ഉണർവ്വിന്റെ ആരംഭത്തെ നാം അംഗീകരിക്കേണം. ഹോശെയയിൽ നിന്നുള്ള ദൈവത്തിന്റെ ദൂത് ഇവിടെ പ്രസക്തമാണ്. "ഞാൻ അവരുടെ പിന്മാറ്റത്തെ ചികിത്സിച്ചു സൗഖ്യമാക്കും; എന്റെ കോപം അവനെ വിട്ടു മാറിയിരിക്കയാൽ ഞാൻ അവരെ ഔദാര്യമായി സ്നേഹിക്കും. ഞാൻ യിസ്രായേലിന് മഞ്ഞുപോലെ ഇരിക്കും" (ഹോശ. 14:4,5).

ഇപ്പോൾ അടിസ്ഥാനപരമായ കാര്യം, നാം ദൈവത്തിന്റെ വാഗ്ദത്തങ്ങളെ നാം ശരിയായി ശ്രദ്ധിക്കേണ്ടതാണ്. പല ആളുകളും വിശ്വസിക്കുന്നത് ഉണർവ്വിന്റെ ആരംഭം മനുഷ്യരിൽ തന്നെയാണ്. നം കാത്തിരിക്കുന്ന ഉണർവ്വ് ഒരു പുതിയ രീതിയിൽ, പുതിയ പദ്ധതിയിൽ എന്നാണ് അവർ വ്യക്തമാക്കുന്നത്. പ്രസംഗിക്കുന്നവരും സുവിശേഷകന്മാരും ഉണർവ്വിലേക്ക് ജനത്തെ നടത്തുന്നവരാണ്. എന്നാൽ ശ്രദ്ധിക്കുക. ഹോശെയയുടെ പുസ്തകത്തിൽ നിന്നുള്ള ദൂത് ദൈവത്തിന്റെ ഭാഗത്തിൽ നിന്നുള്ള പ്രവർത്തിക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ളവയാണ്. ഇവിടെ ഉണർവ്വ് എന്നുള്ളത് ദൈത്തിന്റെ പ്രവൃത്തിയാണ്. നമ്മുടെ സംശയങ്ങളെ ദൂരീകരിക്കുംവണ്ണം ഞാൻ ചെയ്യും. എന്നുള്ള പ്രസ്താവന ശ്രദ്ധേയമാണ്. പരസ്പര

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

ഉണർവ്വിന്റെ മഹത്വകരമായ വരവ്

പൂരകങ്ങളായ ആ ചിത്രം നമുക്കു പരിശോധിക്കാം.

ആ വലിയ വൈദ്യൻ

ദൈവത്തെക്കുറിച്ചുള്ള ആദ്യ ചിത്രം നമ്മെ കാണിക്കുന്നത് ഒരു വലിയ വൈദ്യനായിട്ടാണ്. ദൈവം അരുളിചെയ്യുന്നു. "അവരുടെ പിന്മാറ്റത്തെ ഞാൻ സൗഖ്യമാക്കും. എന്തുകൊണ്ട് അവരുടെ പിന്മാറ്റത്തെ സൗഖ്യമാക്കുന്നു? കാരണം പിന്മാറ്റം എല്ലാ വിധമായ നാശത്തിനും വെറുപ്പിനും, കയ്പിനും കാരണമായി. ഗിലെയാദിലെ തൈലം ആവശ്യമായി വരുന്നു (യിരെ. 8:23). ഹോശെയയുടെ പുസ്തകത്തിൽ ദൈവത്തെക്കുറിച്ചുള്ള പ്രത്യേക ചിത്രം കാണാം. ഹോശെയ 5:14,15 -ൽ അവിടുന്ന് തന്റെ ജനത്തോട് പറയുന്നത്, 2026 മെയ് മാസം നമ്മെ വിട്ട് കടന്നു പോയി. ജൂൺ "ഞാൻ എഫ്രയീമിന് ഒരു സിംഹം പോലെയും യെഹൂദാഗൃഹത്തിന് ഒരു ബാല സിംഹം പോലെയും ഇരിക്കും" (തെക്കെ രാജ്യം) ഞാൻ കടിച്ചു കീറിയിട്ട് പൊയ്ക്കളയും; ഞാൻ പിടിച്ചു കൊണ്ടു പോകും. ആരും വിടുവിക്കയുമില്ല. അവർ കുറ്റം ഏറ്റു പറഞ്ഞ് എന്റെ മുഖം അന്വേഷിക്കുവോളം ഞാൻ മടങ്ങിപ്പോയി എന്റെ സ്ഥലത്ത് ഇരിക്കും; കഷ്ടതയിൽ അവർ എന്നെ ജാഗ്രതയോടെ അന്വേഷിക്കും. യിസ്രായേലിന്റെയും യെഹൂദയുടെയും പ്രതികരണം പെട്ടെന്ന് ഉണ്ടാകുന്നു, "വരുവിൻ നാം യഹോവയുടെ അടുക്കലേക്ക് ചെല്ലുക. അവൻ നമ്മെ കടിച്ചു കീറിയിരിക്കുന്നു; അവൻ സൗഖ്യമാക്കും. അവൻ നമ്മെ അടിച്ചിരിക്കുന്നു. അവൻ മുറിവു കെട്ടും, രണ്ട് ദിവസം കഴിഞ്ഞിട്ട് അവൻ നമ്മെ ജീവിപ്പിക്കും, മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേൽപിക്കും നാം അവന്റെ മുമ്പാകെ ജീവിക്കയും ചെയ്യും . സിംഹം ആക്രമിച്ചു അവശരായിരിക്കുന്ന ഒരു വ്യക്തി മൂന്ന് ദിവസത്തിനകം സമ്പൂർണ്ണമായി സൗഖ്യമായത് എവിടെയെങ്കിലും നിങ്ങൾ കേട്ടിട്ടുണ്ടോ? ഇത് അസാധാരണമായ സൗഖ്യം, ദൈവം ആത്മികമായി നമ്മെ സൗഖ്യമാക്കുമ്പോൾ അവിടുന്ന് നമ്മെ സമൃദ്ധിയായ ജീവനാൽ എഴുന്നേല്പിക്കുന്നു.

സ്നേഹമുള്ള കർത്താവ്

പിന്മാറ്റത്തെ സൗഖ്യമാക്കുന്ന കൃപാകരമായ വാഗ്ദത്തം, ദൈവം നമുക്ക് രണ്ടാമത്തെ വാഗ്ദത്തമായി നൽകുന്നു. ഞാൻ സൗജന്യമായി അവരെ സ്നേഹിക്കും, എന്റെ കോപം ഞാൻ അവരോട് അകറ്റും. ഇവിടെയാണ് ഒരു സ്നേഹമുള്ള രക്ഷകർത്താവിന്റെ ചുമതല നാം കാണുന്നത്. ഭവനത്തിലേക്ക് മടങ്ങിവരുന്ന മുടിയനായ പുത്രന്റെ കഥ ഇവിടെ കാണാം. വിറയ്ക്കുന്ന അധരങ്ങളാൽ താൻ ഏറ്റു പറയുന്നു, പിതാവേ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു, നിന്റെ മകൻ എന്ന് വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല, അപ്പൻ തന്നെ സൗജന്യമായി സ്നേഹിച്ചു, തന്റെ വേലക്കാരോട് അവനെ വിശേഷ വസ്ത്രം ധരിപ്പിക്കുവാൻ പറഞ്ഞു, മോതിരം ധരിപ്പിക്കുവാൻ പറഞ്ഞു, കുടുംബത്തിലെ അംഗം എന്നു കാണിക്കുന്ന വിശേഷ സാധനങ്ങൾ അവനു കൊടുത്തു, അവനു വേണ്ടി വലിയൊരു വിരുന്ന് കഴിച്ചു (ലൂക്കൊ. 15:11-32). പിന്മാറ്റക്കാരൻ മടങ്ങി വരുമ്പോൾ കർത്താവ് സൗജന്യമായി അവരോട് ക്ഷമിക്കുന്നു. എന്തുകൊണ്ട് മടങ്ങി വന്ന് അവിടുത്തെ അനുഗ്രഹങ്ങൾ അനുഭവിച്ചുകൂടാ?

ശക്തനായവൻ സംരക്ഷകൻ

നാം കർത്താവിന്റെ പ്രതികരണം കണ്ടു, വലിയ വൈദ്യനായി, രക്ഷ കർത്താവായി, എന്നാൽ ഇവിടെ ഇതാ അധികം. നാം ഇ പ്പോൾ കാണുന്നത് ശക്തനായ സംരക്ഷകൻ എന്ന നിലയിലാണ്. ഞാൻ യി സ്രായേലിന് മഞ്ഞു പോ ലെയിരിക്കും. പൂർണ്ണമായ ഒരു ദൂത് ദൈവത്തിന്റെ ഈ വാഗ്ദത്തത്തിലുണ്ട്. ബൈബിൾ പറയുന്നതിന്റെ രത്നച്ചുരുക്കം ഇതിലുണ്ട്, വേദപുസ്തകം പറയുന്നു മഞ്ഞു പോലെയിരിക്കും. അത് ഒരു ശാരീരികമായ സംഭവം ആണ്. അപ്പോൾ തന്നെ ആത്മീയ സ്വാധീനത്തിന്റെ ശക്തമായ ചിത്രവുമാണ്.

കൃഷി, നാം അറിയുന്നു, യിസ്രായേൽ ദേശത്ത് അവർ ആശ്രയിക്കുന്നത് സീസൺ അനുസരിച്ചുള്ള മഴയെയാണ്. ധാരാളം മഞ്ഞു പെയ്യുന്നുണ്ട്.

യിസഹാക്ക് ഒരു അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. തന്റെ മകൻ ഏശാവിനു വേണ്ടി ദൈവം "ആകാശത്തിന്റെ മഞ്ഞും ഭൂമിയുടെ പുഷ്ടിയും അനവധിധാന്യവും വീഞ്ഞും നിനക്കു തരുമാറാകട്ടെ" ഉല്പ. (27:28).

ദൈവം തന്റെ ജനത്തിന്റെ നേരെ മുഖം മറെച്ചുകളഞ്ഞപ്പോൾ, അവിടുന്ന് തന്റെ ജനത്തിന്മേൽ മഞ്ഞു പെയ്യിച്ചില്ല (1രാജാ. 17:1).

തന്റെ ജനത്തിന്റെ പ്രവാസത്തിനു ശേഷം അവിടുന്ന് ചിരിച്ചപ്പോൾഅവിടുന്ന് വീണ്ടും മഞ്ഞു അയച്ചു, "ധാന്യവും വീഞ്ഞും ഉള്ള ദേശത്ത് യിസ്രായേൽ നിർഭയമായും യാക്കോബിൻ ഉണർവ്വ് തനിച്ചും വസിക്കുന്നു; ആകാശം അവന് മഞ്ഞു പൊഴിക്കുന്നു" (ആവ. 33:28).

ദൈവത്തിന്റെ ജനം മഞ്ഞിന്റെ അനുഗ്രഹം കണ്ടു, വ്യത്യസ്ത അനുഗ്രഹങ്ങളുടെ ഗുണം. രാജാവിന്റെ ക്രോധം സിംഹഗർജ്ജനത്തിനു തുല്യം, മോശെ ആവർത്തനം 32:2-ൽ പറയുന്നു "മഴ പോലെ എന്റെ ഉപദേശം പൊഴിയും, എന്റെ വചനം മഞ്ഞു പോലെയും ഇളമ്പുല്ലിന്മേൽ പൊടി മഴപോലെയും സസ്യത്തിന്മേൽ മാരിപോലെയും ചൊരിയും".

എന്തുകൊണ്ടാണ് തന്റെ അനുതപിക്കുന്ന ജനത്തോട് പറയുന്നത് എന്ത് എന്ന് കാണാം, ഞാൻ യിസ്രായേലിന് മഞ്ഞു പോലെയിരിക്കും. ദൈവം തന്റെ മുഖം തിരിച്ചു യിസ്രായേലിന്മേൽ തന്റെ വചനം മഞ്ഞുപോൽ പെയ്യിക്കുന്നു.

പിന്മാറ്റക്കാർക്ക് അതിലെ ഫലമായി ആത്മിക വരൾച്ചയുണ്ടാകുന്നു, എല്ലാ കാര്യത്തിലും വരൾച്ചയുണ്ടാക്കുന്നു. എന്നാൽ ദൈവത്തിങ്കലേക്ക് മടങ്ങിവരുമ്പോൾ തന്റെ മുഖം അവരുടെമേൽ തിരിച്ചു പുല്ലിന്മേൽ മഞ്ഞു പെയ്യുന്നതുപോലെയിരിക്കും. എന്തൊരു ചിത്രം, എന്തൊരു വാഗ്ദത്തം!

ഉണർവ്വിന്റെ അടുക്കും ചിട്ടയും

ഉണർവ്വിന്റെ വിളബരം നാം കണ്ടു. ഉണർവ്വിന്റെ രൂപം നാം തിരിച്ചറിഞ്ഞു. ഉണർവ്വിന്റെ അടുക്കും ചിട്ടയും നാം ഗ്രഹിക്കുവാനുണ്ട്. ഹോശെയ നിലങ്ങളെയും വനങ്ങളെയും സ്നേഹിച്ചു, ഹോശെ.14:5-7, അടുത്തതായി, സത്യങ്ങളെ വെളിപ്പെടുത്തുന്നതിന് വേണ്ടി ദൈവത്തിന്റെ സൃഷ്ടിയെ നിരത്തിവക്കുന്നു. ഹോശയ കർഷകരേയും മുന്തിരിത്തോട്ടത്തിന്റെ കാവൽക്കാരേയും നോക്കിക്കാണുന്നു, അതിന്റെ വേരിന്റെ ക്രമീകരണത്തിന്റെ പ്രാധാന്യത്തെ നോക്കികാണുന്നു, വന്മരങ്ങളുടെ കൊമ്പുകളെ താൻ കാണുന്നു, അവൻ ഫലവൃക്ഷങ്ങളുടെയും മുന്തിരവള്ളിയുടെയും മുളകളെ നോക്കുന്നു, കൊയ്ത്തു കാലത്ത് താൻ സന്തോഷിക്കുന്നു. ദൈവം ഇവയെ നൽകുന്നു എന്നോർത്ത് സന്തോഷിക്കുന്നു.

ഇവ എല്ലാറ്റിലും ദൈവത്തിന് തന്റെ ജനത്തിന്മേ

(ശേഷം 5-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

ഉണർവ്വിന്റെ മഹത്വകര മായ വരവ്

ലുള്ള പുതുക്കത്തിന്റെ വേല യും പ്രത്യേകിച്ചു അനുതാപ ത്തോടെയുള്ള മടങ്ങിവരവും പ്രത്യേക ചിത്രമയി ഹോശയ കണ്ടു. അവയിൽ ചിലത് നമുക്കു ശ്രദ്ധിക്കാം.

1) വിത്തു മുഴുവൻ പ്രതിപ്ര വർത്തനവും ആരംഭിക്കുന്നു, തീർച്ചയായും, വിത്തിനോടുകൂ ടെ, 14:7-ൽ പ്രവാചകൻ ധാന്യ ത്തെക്കുറിച്ചു സംസാരിക്കുന്നു. അവർ വിത്തിനെപ്പോലെ ഉണർത്തപ്പെടും. ഇത് ആലങ്കാ രികമായ ഒരു പ്രയോഗമാണ്. നമ്മുടെ കർത്താവായ യേശു ക്രിസ്തു തന്റെ ശുശ്രൂഷയിൽ ഇത് ഉപയോഗിച്ചിട്ടുണ്ട്. “ആമേൻ, ആമേൻ, ഞാൻ നിങ്ങ ളോടു പറയുന്നു. കോതമ്പു മണി നിലത്തു വീണു ചാകു ന്നില്ല എങ്കിൽ അത് തനിയെ ഇരിക്കും; ചത്തു എങ്കിലോ വളരെ വിളവുണ്ടാകും ”(യോ ഹ. 12:24). തീർച്ചയായും കർത്താവു പറയുന്നത് കോത മ്പുമണി നിലത്തു വീണു ചാകണം. എന്നാൽ തന്റെ മക്ക ളായ ഓരോ വ്യക്തികളെയും വിളിച്ചു, അവർ അധിക ഫലം കായ്ക്കേണ്ടതിന് ഈ പ്രക്രിയ കളിലൂടെ കട ന്നു പോകേണം. നാം അതിനെ അവഗണിക്കുന്നു എങ്കിൽ തനിയേ ഇരിക്കും. അതായത് നമ്മുടെ ജീവിതം ഫല മില്ലാത്തതായിരിക്കും; എന്നാൽ നാം ഇതിനെ അംഗീ കരിക്കുന്നു എങ്കിൽ അനുസരി ക്കുന്നു എങ്കിൽ, നാം വളരെ ഫല കായ്ക്കും.

2) വേര്: അടുത്തതായി വേരിന്റെ ക്രമീകരണത്തിലേക്ക് വരികയാണ്. ഹോശയ 14:5-ൽ കർത്താവ് എഫ്രയീമ്യനോട് ഫ ലപ്രദമായ വൃക്ഷത്തോട് വാഗ്ദ ത്തം ചെയ്യുന്നത് തന്റെ വേര് ലബാനോനോപ്പോലെ നീ ട്ടും. അതായത്, ലബാനോനിലെ ദേവദാരു വൃക്ഷം പോലെ. വൃക്ഷത്തിന്റെ വേരിലെ ക്രമീ കരണം നാം എല്ലാവരും അംഗീ കരിക്കുന്നു, അത് ഒരു വൃക്ഷ ത്തിന്റെ വളർച്ചയ്ക്ക് ആവ ശ്യമാണ്. എല്ലാ സസ്യങ്ങ ളുടെ കാര്യത്തിലും അതു വാസ്തവമാണ്. ഒരു അനു ഗ്രഹക്കപ്പട്ട വാഗ്ദത്തം യെശയ്യാവ് 37:31-ൽ കാണു ന്നു, “യെഹൂദാഗൃഹത്തിൽ രക്ഷപ്പെട്ട ഒരു ശേഷിപ്പ് വീണ്ടും താഴെ വേരൂന്നി മീതെ ഫലം കായ്ക്കും”. നിങ്ങൾക്ക് ഈ ചിത്രം മന സിലായോ? നിങ്ങളുടെ വേരി ന്റെ ക്രമീകരണം നേരെ യായിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു, നിങ്ങൾ ഫലവത്തായ ഒരു ക്രിസ് ത്യാനി ആയിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു! 14:5-ൽ വേരൂന്നും എന്ന പദം നിങ്ങൾ ശ്രദ്ധിച്ചുവോ - അവൻ വേരൂന്നും അതെ, നമ്മെ സംബന്ധിച്ചിടത്തോ ളം ഇത് സത്യമാണ്, ഞ ങ്ങൾ, അവനിൽ വേരൂ ന്നിയും (കർത്താവായ യേശുവിൽ) ഇരിക്കും! (കൊലൊ. 2;7).

3) തായ് തടി

ഇപ്പോൾ നമുക്ക് തായ് തടിയിലേക്ക് വരാം. 5-ാം വാക്യത്തിൽ ഹോശെയ ലെബാനോനിലെ ദേവദാരു വൃക്ഷങ്ങളെക്കുറിച്ച് സം സാരിക്കുന്നു, പ്രത്യേകിച്ച് ലബാനോനിലെ മഹത്തായ ദേവദാരു വൃക്ഷം. തിരുവ ചനത്തിൽ വളരെ പൊക്ക മുള്ള വൃക്ഷമായിട്ടാണ് പറ ഞ്ഞിരിക്കുന്നത്. (2രാ ജാ.19:23). ബലമുള്ള (സങ്കീ. 89:10), നല്ല (യെഹെ.17:22) മനോഹരമായ (ഉത്ത. 5:15) വൃക്ഷമാണ്. അവിടെ ഒരു വാഗ്ദത്തം ഇങ്ങനെ ഉണ്ട്. “യഹോവയുടെ വൃക്ഷ ങ്ങൾക്ക് തൃപ്തിവരുന്നു, അവൻ നട്ടിട്ടുള്ള ലെബാ നോനിലെ ദേവദാരുക്കൾ ക്കു തന്നെ” (സങ്കീ. 104:16). സംഖ്യ 24:6-ൽ നാം വായി ക്കുന്നത്, ജലാന്തികേയുള്ള ദേവദാരുക്കൾ പോലെ തന്നെ, അതിന്റെ വേരുകൾ ആഴത്തിലേക്ക് ഇറങ്ങി വെള്ളത്തിന്റെ ഉറവുകളിൽ നിന്നും ശേഖരിക്കുന്നു, നല്ല വളർ ച്ചയ്ക്ക് അത് കാരണ മായിത്തീരുന്നു.

4) കൊമ്പുകൾ

ഒരു വൃക്ഷം എന്നത് വേരും കൊമ്പും മാത്രമല്ല. ഹോശെ. 14:6-ൽ കൊമ്പുക ളെക്കുറിച്ച് പറയുന്ന ഒരു വേദഭാഗമുണ്ട് അതിന്റെ കൊമ്പുകൾ പരന്നിരിക്കു ന്നു. അക്ഷരീകമായി അതി ന്റെ കൊമ്പുകൾ നീട്ടിയിരി ക്കുന്നു. കൊമ്പുകളിൽ മുള കളുണ്ടാകുന്നു, ഇലകളും പൂക്കളും ഉണ്ടാകുന്നു. ഒരു പക്ഷേ കൊമ്പുകൾ നമ്മെ വശങ്ങളിലേക്ക് വളരു വാനും മറ്റുള്ളവരെ തൊടു വാനും നമ്മെ സഹായിക്കു ന്നു. അപ്പോസ്തല പ്രവർ ത്തികളിൽ സഭ എല്ലാ ദിശ കളിലും വളർന്ന് ദൈവ ത്തിന്റെ നിയോഗം അനുസ രിച്ചു നാലുഭാഗത്തേക്കും പടരുന്നു. ഇപ്പോഴും ദൈവ ത്തിന്റെ പ്രവൃത്തി അതാണ് സഭയുടെ കൊമ്പുകൾ വ ളർന്ന് എല്ലാ രാജ്യങ്ങളിലും പടരുന്നു.

5) മുളകൾ

നാം മുളകളുടെ കാര്യ ത്തിലേക്ക് വരുന്നു. ഇലകളു ടെയും പൂക്ക ളുടെയും വാഗ്ദത്തം. ഇവ ജീവിതത്തി ന്റെയും വാഗ്ദത്തങ്ങളു ടെയും തെളിവാണ് 14:6-ൽ ഒലിവു മരത്തിന്റെ ഭാംഗിയെ ക്കുറിക്കുന്ന ഒരു ഒത്തു വാക്യമുണ്ട്. കടുത്ത പച്ച ഇലകളും പൂക്കളും. ലെബാ നോനിലെ ദേവദാരുവിന്റെ മരണത്തെക്കുറിച്ച് ദൈവം ഉദ്ധരിക്കുന്നുണ്ട്. ഇത് സൂ ചി യെക്കുറിച്ചുള്ള, മുള്ളുകളെ ക്കുറിച്ചുള്ള നിശ്ചയമായും അതിന്റെ തായ് തടിയെക്കു റിച്ചുള്ള ഒരു പരാമർശമായി രിക്കാം. ഭംഗിയും സൗരഭ്യ വും. ഇവ ദൈവത്തിന്റെ വാഗ്ദത്തമാണ്.

വേനൽക്കാലത്ത് ചില വൃക്ഷങ്ങൾ ഒഴിഞ്ഞു നിൽ ക്കും, ഇലകളും പൂക്കളും ഇല്ലാതെ ഉണങ്ങിയതാണോ പച്ചയുണ്ടോ എന്ന് പറയു വാൻ കഴിയുന്നതല്ല. എ ന്നാൽ കാത്തിരിക്കുക, അടുത്ത സീസൺ വരും, അത്ഭുതം സംഭവിക്കും. ഓരോ കൊമ്പുകളിലും ജീവൻ പ്രത്യക്ഷമാകും. ഫല വത്തായിത്തീരും എന്നുള്ള വാഗ്ദത്തം നിറ വേറും. എങ്ങനെയാണ് നാം പ്രാർത്ഥിക്കേണ്ടത്, കർ ത്താവേ ആ നല്ല കാലം മടക്കി വരുത്തേണമേ!

6) ഫലങ്ങൾ

ഈ എല്ലാ കാര്യങ്ങളും ഫലത്തിലേക്കാണ് നയി ക്കുന്നത്. ഫലത്തെക്കു റിച്ചും വളക്കൂറുള്ള മണ്ണി നെക്കുറിച്ചും ദൈവം വാഗ്ദ ത്തം ചെയ്തിരിക്കുന്നു, എഫ്രയീമേ (ഫലപ്രദമായ വൃക്ഷം) കരയുക, ഇതിൽ കൂടുതൽ ഞാൻ എന്താണ് ചെയ്യുവാനുള്ളത്. ദൈവ ത്തിന്റെ കൃപയും നന്മയും തന്റെ മക്കൾക്ക് ആ തീരു മാനം എടുക്കുവാൻ കഴി യും. അനുതാപമുള്ള വിശ്വാസികൾക്ക് വിഗ്രഹ ങ്ങളോടുള്ള സ്നേഹം വിട്ട് ദൈവത്തോടുള്ള ഉടമ്പ ടിയെ പുതുക്കി ദൈവത്തെ മാത്രം സ്നേഹിപ്പാൻ കഴി യും. ദൈവം ഈ തീരുമാ നത്തിൽ പ്രതികരിക്കുന്നു, 14:8-ന്റെ അടുത്ത ഭാഗം, ഞാൻ അവന് ഉത്തരമരുളി അവനെ കടാക്ഷിക്കും; ഞാൻ തഴെച്ചിരിക്കുന്ന സര ളവൃക്ഷം പോലെയാകുന്നു. എങ്കിൽ നിനക്ക് ഫലം ക ണ്ടു കിട്ടും. ഇവിടെ ദൈവം വാഗ്ദത്തം ചെയ്യു ന്നു ഫല മില്ലാത്തവർക്ക് നിലനില് ക്കും ഫലപ്രദമായ അനുഭ വവും

ഉണർവ്വിന്റെ വരവ്

ഈ എല്ലാ പഠിപ്പിക്കലു കളുടെയും വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ എന്താണ് ഉണർവ്വ്, ദൈവത്തിന്റെ വചനത്തിലും പ്രവൃത്തി യിലും അടിസ്ഥാനപ്പെട്ടിരി ക്കുന്നു. നാം ദൈവത്തിങ്ക

(ശേഷം 6-ാം പേജിൽ)

(5-ാംപേജിന്റെ തുടർച്ച)

ഉണർവ്വിന്റെ മഹത്വകരമായ വരവ്

ലേക്ക് മടങ്ങി വരുമ്പോൾ അഞ്ചു വിധമായ ഫലങ്ങൾ നമ്മെ കാത്തിരിക്കുന്നു.

1) വളർച്ച

ഒന്നാമതായി വളർച്ചയാണ്. ഇത് ഈ അധ്യായത്തിലെ പ്രധാന ചിന്താഗതിയാണ്, ദൈവത്തിന്റെ വാഗ്ദത്തത്തിലേക്കും ഇത് നയിക്കുകയാണ്, അവൻ താമരപോലെ വളരും. മുന്തിരിവള്ളിപോലെ വളരും (14:5,6). താമര എന്നതിന് വിഭിന്നമായ അഭിപ്രായങ്ങളുണ്ട്. ഇത്തരത്തിലുള്ള സത്യങ്ങൾക്ക് വേനൽക്കാലമാണെങ്കിലും അതിനെ അതിജീവിപ്പാനുള്ള കഴിവുണ്ട്. ഇതിൽ ദൈവം നമ്മെ ഓർമ്മപ്പെടുത്തുകയാണ്. ഏതു വിഷമ ഘട്ടങ്ങളിലും ജീവിതങ്ങളെ പുലർത്തുവാൻ ദൈവത്തിന് കഴിയും. മുന്തിരവള്ളിയെക്കുറിച്ചുള്ളത് ഒരു അനുഗ്രഹിക്കപ്പെട്ട വളർച്ചയാണ്. ഉന്നതമായ ഫലപ്രദമായ ജീവിതം. ഈ വസ്തുതകളെ സംബന്ധിച്ച പഠനം ആത്മിക വളർച്ചയെ പഠിപ്പിക്കുന്നു. അതിന്റെ ഫലമായ ഉണർവ്വു നമ്മുടെ ഉറപ്പും സമൃദ്ധിയുമാണ്.

2) ഭംഗി : അവന്റെ ഭംഗി ഒലിവു വൃക്ഷത്തിന്റെ ഭംഗിപോലെയും (14:6). ഒലിവു മരത്തെ അതിന്റെ കടും പച്ച ഇലകൾ അതിനെ ആകർഷണീയമാക്കിതീർക്കുന്നു. നാം ഇങ്ങനെ പാടുന്നു യേശുവിന്റെ സൗന്ദര്യം എന്നിൽ കാണട്ടെ. മോശെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കുമ്പോൾ, ഞങ്ങളുടെ ദൈവമായ കർത്താവിന്റെ സൗന്ദര്യം ഞങ്ങളുടെമേൽ ഇരിക്കുമാറാകട്ടെ (സങ്കീ. 90:17), സങ്കീ. 149:4-ൽ ഒരു വാഗ്ദത്തം കാണുന്നു (കർത്താവ്) രക്ഷയുടെ സന്തോഷം കൊണ്ട് ഞങ്ങളെ അലങ്കരിക്കുന്നു.

3) സൗന്ദര്യം

വളർച്ച, ഭംഗി, സൗരഭ്യം ഉണർവ്വിന്റെ ഫലങ്ങളിൽ ഒന്നായി ജീവിതത്തിന്റെ സൗന്ദര്യം എന്നത് കർത്താവു തരുന്ന ഉറപ്പാണ്. "അവന്റെ സൗന്ദര്യം ലെബാനോന്റേതു പോലെയിരിക്കും (ഹോശ.14:6). ഉത്തമ ഗീതത്തിൽ നാം വായിക്കുന്നു: ".....മുന്തിരിവള്ളി പൂത്തു സുഗന്ധം വീശുന്നു" (2:13). കർത്താവായ യേശുവിന്റെ സാക്ഷിയായി നിൽക്കുന്നതിലും ദൈവത്തോടുള്ള സ്വാധീനത്തിലും നമ്മുടെ സൗന്ദര്യം വലുതായിരിക്കുന്നു. മശിഹായോടുള്ള ബന്ധത്തിൽ സങ്കീർത്തനകാരൻ ഇങ്ങനെ പറയുന്നു; നിന്റെ വസ്ത്രമെല്ലാം "മൂറും ചന്ദനവും ലവംഗവും കൊണ്ട് സുഗന്ധമായിരിക്കുന്നു; ദന്തമന്ദിരങ്ങളിൽ നിന്നും കമ്പി നാദം നിന്നെ സന്തോഷിപ്പിക്കുന്നു" (സങ്കീ. 45:8). വീണ്ടും ഉത്തമഗീതത്തിൽ ഇങ്ങനെ വായിക്കുന്നു. നിന്റെ വസ്ത്രത്തിന്റെ വാസന ലെബാനോന്റെ വാസനപോലെയിരിക്കുന്നു. (4:11). നമ്മുടെ കർത്താവുമായി നാം സമയം ചെലവഴിക്കുന്നു എങ്കിൽ, അവിടത്തെ സൗരഭ്യത്തെ നാം പരത്തുകയാണ്. അവിടുത്തെ മഹാസൗന്ദര്യം എല്ലാവർക്കും അംഗീകാരയോഗ്യമായ, ദൈവത്തിന് മഹത്വകരമായ അവിടുത്തെ സൗരഭ്യത്തെ നാം അധികം ഉയർത്തേണ്ടതാണ്.

4) നിഴൽ

ഹോശയ 14:7-ൽ നാം അത്ഭുതകരമായ ഒരു ചിന്ത കാണുന്നു. അവന്റെ നിഴലിൽ പാർക്കുന്നവർ വീണ്ടും ധാന്യം വിളയിക്കും. അതായത് എഫ്രയീം അഥവാ, ദൈവം താൻ, മടങ്ങിവരും. ഇത് മറ്റുള്ളവരുടെ നേട്ടത്തിന് വേണ്ടിയുള്ള ഒരു നിഴൽ. ഇത് തിരുവചനത്തിലെ ഒരു സാധാരണ കാഴ്ചയാണ്. അബിമേലെക്കിനെ അഭിഷേകം ചെയ്യുവാൻ ശ്രമിക്കുമ്പോൾ പറഞ്ഞത്, മുൾപ്പടർപ്പ് വൃക്ഷങ്ങളോട് നിങ്ങൾ യഥാർത്ഥമായി എന്നെ നിങ്ങൾക്ക് രാജാവായി അഭിഷേകം ചെയ്യുന്നു എങ്കിൽ വന്ന് എന്റെ നിഴലിൽ പാർക്കുക (ന്യായ. 9:15). ശുലേമിയോട് തന്റെ പ്രിയതമനെക്കുറിച്ച് ഇങ്ങനെ പറഞ്ഞു. കാട്ടു മരങ്ങളുടെ ഇടയിൽ ഒരു നാരകം പോലെ യൗവ്വക്കാരുടെയിടയിൽ എന്റെ പ്രിയൻ ഇരിക്കുന്നു, അതിന്റെ നിഴലിൽ ഞാൻ അതിമോദത്തോടെ ഇരുന്നു; അതിന്റെ പഴം എന്റെ രൂചിക്ക് മധുരമായിരുന്നു (ഉത്ത. 2:3). കർത്താവായ യേശുവിനെക്കുറിച്ചുള്ള പ്രവചനം യെഹെസ്കേൽ 17:23-ൽ കാണുന്നു, അവിടെ യേശുവിനെ ഒരു ദേവദാരുവൃക്ഷമായി ചിത്രീകിക്കുന്നു. യിസ്രായേലിന്റെ ഉയർന്ന പർവ്വതത്തിൽ ഞാൻ അതു നടും; അത് കൊമ്പുകളെ പുറപ്പെടുവിച്ചു ഫലം കായ്ച്ച് ഭംഗിയുള്ളൊരു ദേവദാരുവായിത്തീരും; അതിന്റെ കീഴിൽ പലവിധം ചിറകുള്ള പക്ഷികളൊക്കെയും പാർക്കും; അതിന്റെ കൊമ്പുകളുടെ നിഴലിൽ അവ വസിക്കും. നിങ്ങൾ ക്രിസ്തുവിനോട് ചേർന്നിരിക്കുന്നു. എങ്കിൽ, നിങ്ങൾ മറ്റുള്ളവർക്ക് തണൽ ആകുന്നുണ്ടോ? ക്ഷീണിതരായി ജീവിതത്തിന്റെ ചൂടുകളുടെയും പരിശോധനയുടെയും മദ്ധ്യേ, നിഴലിനും അഭയത്തിനും വേണ്ടി അവിടുത്തെ സമീപിക്കാറുണ്ടോ? ദൈവം തന്റെ ജനത്തെ നിഴലിനായും ആശ്വാസത്തിനായും മാടി വിളിക്കുന്നു.

5) ഫലം - നാം ഒടുവിലത്തേയും ശ്രേഷ്ഠവുമായ വാഗ്ദത്തത്തിങ്കലേക്ക് വരുന്നു; " എങ്കൽ നിനക്ക് ഫലം കണ്ടുകിട്ടും". (ഹോശ. 14:8). ഇത് ഉണർവ്വിന്റെ ഒരു ഒഴുക്കാണ്. ദൈവത്തോടുള്ള യഥാർത്ഥ ബന്ധനത്താൽ ഒരിക്കൽ ഫലമില്ലാതിരുന്നവൻ ഇപ്പോൾ ഫലമുള്ളവനായി. എപ്പോഴെല്ലാം യഥാർത്ഥ ഉണർവ്വു ഉണ്ടായിട്ടുണ്ടോ അപ്പോഴെല്ലാം ദൈവത്തിന്റെ ജനം, ദൈവത്തിന്റെ മഹത്വത്തിനും പുകഴ്ചയ്ക്കുമായിട്ട് യേശുക്രിസ്തുവിനാൽ നീതി ഫലം നിറഞ്ഞവരുമായിത്തീരേണം എന്നും ഞാൻ പ്രാർത്ഥിക്കുന്നു. (ഫിലി. 1:1). കൂടാതെ, സകല സൽപ്രവൃത്തിയിലും ഫലം കായ്ച്ച് വളരേണം. കൊലൊ. 1:10. ഒരു ഫലവൃക്ഷത്തെക്കുറിച്ചുള്ള ആത്യന്തിക മായ ലക്ഷ്യം എന്നത് പൂക്കളും അതിന്റെ ഭംഗിയുമല്ല, എന്നാൽ ഫലം കായ്ക്കേണം, അധികം ഫലം കായ്ക്കേണം, വളരെ ഫലം കായ്ക്കേണം, ഫലം നിലനിൽക്കണം (യോഹ. 5 കാണുക).

എന്താണ് ഈ അനുഗ്രഹത്തിന്റെ രഹസ്യം? റെഡ് വിഡ് എന്ന മരത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ, ഇത് 350 അടിയിലധികം വളരുന്നു, റൂതർഫോർഡ് പ്ലാറ്റ് തന്റെ പുസ്തകത്തിൽ സ്ഥാപിക്കുന്നത്, ഈ മരത്തിന്റെ പൊക്കത്തിനു കാരണം, അതിന്റെ സ്ഥലമാണ്, ആഴമുള്ള താഴ്വരയ്ക്കും കീഴ്ക്കാം തൂക്കായ പർവ്വതങ്ങൾക്കുമിടയിൽ, അവിടെ സൂര്യപ്രകാശം അതിന്റെ ശക്തിയോടെ നേരിട്ട് ലഭിക്കും. ഇക്കാരണത്താൽ ഇവ വളരെ പൊക്കത്തിൽ വളരുന്നു.

അവിടെ ഒരു രഹസ്യമുണ്ട്! വെളിച്ചത്തിൽ ജീവിക്കുന്നു, ദൈവത്തിന്റെ സത്യത്തിന്റെ വെളിച്ചത്തിൽ ജീവിക്കുന്നു, നീതി സൂര്യന്റെ വെളിച്ചത്തിൽ ജീവിക്കുന്നു, മുകളിലേക്ക് വീടിനെ ലക്ഷ്യമാക്കി ജീവിക്കുന്നു. വെളിച്ചത്തിന്റെ ദൈവത്തോട് സങ്കീർത്തക്കാരൻ അപേക്ഷിക്കുന്നു, " നിന്റെ പ്രകാശവും സത്യവും അയച്ചു തരേണമേ; അവ എന്നെ നടത്തുകമാറാകട്ടെ; നിന്റെ വിശുദ്ധ പർവ്വതത്തിലേക്കും തിരുനിവാസത്തിലേക്കും അവ എന്നെ എത്തിക്കുമാറാകട്ടെ. ഞാൻ ദൈവത്തിന്റെ പീഠത്തിങ്കലേക്ക് എന്റെ പരമാനന്ദമായ ദൈവത്തിങ്കലേക്ക് ചെല്ലും; ദൈവമേ, എന്റെ ദൈവമേ, കിന്നരം കൊണ്ട് ഞാൻ നിന്നെ സ്തുതിക്കും". (സങ്കീ. 43:3,4)

ഉപവസിക്കുക! തുടർച്ചയായി പ്രാർത്ഥിക്കുക

By W.C.Moore

ഈ ദിവസങ്ങളിൽ വിശ്വാസികളുടെമേൽ പരിശുദ്ധാത്മപകർച്ചയുണ്ടാകുന്നു. നിരാശയിലായിരിക്കുന്ന അനേകർക്കുവേണ്ടി ഒരു യഥാർത്ഥ ഉണർവ്വ് ഉണ്ടാകേണ്ടതുണ്ട്. എന്നാൽ പത്രോസ് പരിശുദ്ധാത്മ പ്രേരിതനായി മുന്നോട്ട് പോയി, ഇത് കാണിക്കുന്നത് യോവേൽ പ്രവാചകന്റെ സഭായുഗത്തെക്കുറിച്ചുള്ള പ്രവചനമാണ്. (പ്രവൃത്തി 2:14-20). സഭായുഗം പെന്തെക്കോസ്തു ദിവസത്തിൽ ആരംഭിക്കുന്നു, “ അന്ത്യകാലത്ത് ഞാൻ സകല ജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും; നിങ്ങളുടെ യുവനക്കാർ ദർശനങ്ങളെ ദർശിക്കും. നിങ്ങളുടെ വൃദ്ധന്മാർ സ്വപ്നങ്ങളെ കാണും” (വാക്യം 17).

നാം ഒരിക്കലും അധൈര്യപ്പെടരുത്; നാം സന്തോഷിക്കേണം. ദൈവം ആവശ്യപ്പെടുന്നത് ഉണർവ്വ് യഥാർത്ഥ്യമാകേണ്ടത് ആവശ്യം. തന്റെ വ്യവസ്ഥകളെ നാം പരിഗണിക്കുമ്പോൾ, ഉണർവ്വ് വരും, നാം അതിനുവേണ്ടി പ്രാർത്ഥിക്കേണം. സന്തോഷിപ്പാനും ഉല്ലസിപ്പാനും സമയമുണ്ട്, എന്നാൽ അവ എല്ലാം ഒരു കൂട്ടായ്മക്ക് ശേഷമായിരിക്കേണം (യോവേ. 2:12-17).

ദൈവം വിശ്വസ്തൻ. നമ്മെത്തന്നെ താഴ്ത്തുക. പ്രാർത്ഥിക്കുക, അവിടുത്തെ മുഖം അന്വേഷിക്കുക, നമ്മുടെ ആകാത്തവഴികളെ ഉപേക്ഷിക്കുക, അവിടുന്ന് സ്വർഗ്ഗത്തിൽ നിന്നും കേൾക്കും (2ദിന. 7:14). ഈ ദിവസങ്ങളിൽ തന്നെ, ദൈവത്തിന് ഒരു കാര്യവും അസാധ്യമല്ലല്ലോ എന്നുത്തരം പറഞ്ഞു (ലൂക്കൊ. 1:37).

ഈ ദിവസങ്ങളിൽ വിശ്വാസികളുടെ ഇടയിൽ തന്നെ പാപങ്ങൾ പെരുകുന്നു, അകൃത്യം വർദ്ധിക്കുന്നു, യഹൂദന്മാർ യേശുവിനെ ഉപേക്ഷിച്ച കാര്യം ഈ സമയം ഓർക്കേണ്ടതാണ്, ദൈവപുത്രനെ ക്രൂശിച്ചു. അതിന്റെ ശേഷം ദൈവം ശക്തമായ ഉണർവ്വ് അയച്ചു എന്നും ഒരു ചുരുങ്ങിയ യഹൂദ സമൂഹത്തെ കൂട്ടിച്ചേർത്തു എന്ന് ഓർക്കുക, പെന്തെക്കോസ്തിന്റെ ആരംഭത്തിൽ, തുടർന്നുള്ള വർഷങ്ങളിൽ അവരെ ദൈവം ഉപേക്ഷിച്ചു കളഞ്ഞു.

അതുപോലെ, ഈ അവസാന നാളുകളിൽ ദൈവം ഒരു ഉണർവ്വ് അയക്കും, ദൈവത്തിൽ നിന്നും ഉള്ള ഒരു പുതുക്കത്തിന്റെ നാളുകൾ, ആത്മാക്കൾ രക്ഷിക്കപ്പെടും, ബുദ്ധിയുള്ള കന്യകമാർ ഒരുങ്ങി കാത്തിരുന്നതുപോലെ സ്വർഗ്ഗീയ മണവാളനെ എതിരേല്പാൻ നമുക്ക് പോകാം.

ഒരു യോഹന്നാൻ സ്നാപകൻ ശേഷിച്ചിരിക്കുന്നു.

യിസ്രായേലിന്റെ തിരസ്ക്കരണത്തിന് ശേഷം ദൈവം യോഹന്നാൻ സ്നാപകനെ അയച്ചു. കർത്താവിന്റെ വഴി ഒരുക്കുവാൻ (മലാ. 3:1). യോഹന്നാൻ ഒരു മനുഷ്യൻ, അനേക വിധത്തിലുള്ള മനുഷ്യരിലൂടെ ദൈവം പ്രവർത്തിക്കുന്നു. കർത്താവിന്റെ രണ്ടാം വരവിനായി വിളിക്കുന്ന പ്രധാനപ്പെട്ട പ്രവാചകന്മാരുടെ ശബ്ദം അല്ല. എന്നാൽ ദൈവം ചുരുങ്ങിയ ശേഷിപ്പിനെ എഴുന്നേല്പിച്ചു. ദൈവശക്തിയിൽ വരാൻ പോകുന്ന ആപത്തുകളെക്കുറിച്ച് മുന്നറിയിക്കുവാൻ (യോവേ. 21). താഴ്മയോടും ദൈവഭയത്തോടും ജീവിക്കുന്ന വിശ്വാസികളെ കർത്താവിന്റെ വരവിനായി ഒരുക്കി, എണ്ണ തീർന്നു മങ്ങിപ്പോയി വിളക്കുകളിൽ, എണ്ണ പകർന്നു - പരിശുദ്ധാത്മാവിനെ പകർന്നു നടത്തുവാൻ.

കർത്താവിന്റെ ജനനത്തെ മുന്നറിയിക്കുവാൻ യോഹന്നാൻ സ്നാപകൻ വന്നു (മത്താ. 3:3), ഇത് പ്രവചനങ്ങളുടെ നിവൃത്തി കൂടെയായിരുന്നു. സെഖര്യാവിന്റെ പ്രാർത്ഥനക്കുത്തരമായി ദൂതൻ പ്രത്യക്ഷനായി പറഞ്ഞത്, ദൂതൻ അവനോട് പറഞ്ഞത് “ സെഖര്യാവേ, ഭയപ്പെടേണ്ട; നിന്റെ പ്രാർത്ഥനയ്ക്കുത്തരമായി നിന്റെ ഭാര്യ എലിസബത്ത് നിനക്ക് ഒരു മകനെ പ്രസവിക്കും; അവന് യോഹന്നാൻ എന്ന് പേർ ഇടേണം” (ലൂക്കൊ. 1:13). അതുകൊണ്ട് ഉണർവ്വ് പ്രാർത്ഥനയ്ക്കു മറുപടിയായിട്ടുണ്ടാകുന്നു. യോവേൽ പ്രവാചകൻ പ്രവചിക്കുന്നു എങ്കിലും പ്രാർത്ഥനയ്ക്കു ഉത്തരമായിട്ടാണ് ഉണർവ്വുണ്ടാകുന്നത്. ലൂക്കൊ. 18:1-8, യോവേൽ 2:18-29, യോവേ. 2:12-17).

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. “ യിസ്രായേൽ ഗൃഹം എന്നോട് അപേക്ഷിച്ചിട്ട് ഞാൻ ഒന്നു കൂടെ ചെയ്യും. ഞാൻ അവർക്ക് ആളുകളെ ആട്ടിൻ കൂട്ടത്തെപ്പോലെ വർദ്ധിപ്പിച്ചു കൊടുക്കും” (യെഹെ. 36:37). കർത്താവ് അരുളിചെയ്യുന്നു,. ചോദിക്ക (മത്താ. 7:7).

യോഹന്നാൻ ജനിച്ചത് ഒരു കുഞ്ഞ് ജനിക്കുവാൻ സാദ്ധ്യതയില്ലാത്ത സമയത്താണ്. സെഖര്യാവും ഭാര്യ എലിസബത്തും വളരെ പ്രായം ചെന്നവരായിരുന്നു (ലൂക്കൊ. 1:5-7). ഇതുപോലെ സാഹചര്യങ്ങൾ അനുകൂലമല്ലാത്ത സാഹചര്യത്തിലാണ് നാം ഉണർവിനെ നോക്കിയിരിക്കുന്നത്, ഈ മരുഭൂമിയുടെ അവസ്ഥയിൽ ഉണർവ്വ് വരും (യെശ.40:3;43:18). ഈ അസാധ്യമായ അവസ്ഥയിൽ.

ഇന്ന് ഒരു അടയാളം എന്നത് മരുഭൂമിയുടെ അവസ്ഥ അനേക സഭകളെ പരാജയപ്പെടുത്തികൊണ്ടിരിക്കുകയാണ്. സഭയുടെ അന്തിമ നിലവാരമല്ല. ഉണർവ്വ് വരുമ്പോൾ സ്വർഗ്ഗം തുറക്കുന്നു. “ അതെ ഞാൻ മരുഭൂമിയിൽ ഒരു വഴിയും നിർജ്ജന പ്രദേശത്ത് നദികളും ഉണ്ടാക്കും (യെശ. 43:19). ദാഹിച്ചിരിക്കുന്നേടത്ത് ഞാൻ വെള്ളവും വരണ്ട നിലത്ത് നീരൊഴുക്കുകളും പകരും; നിന്റെ സന്താനത്തിന്മേൽ എന്റെ ആത്മാവിനെയും നിന്റെ സന്താനത്തിന്മേൽ എന്റെ അനുഗ്രഹത്തെയും പകരും”. (യെശ.44:3). ഈ പ്രവചനങ്ങളിൽ ഒന്നു പോലും ഉപേക്ഷിക്കരുത്.

ഇത് യോഹന്നാനെക്കുറിച്ച് പറഞ്ഞു, അവൻ, അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചുകൊണ്ട് ഒരുക്കമുള്ളോരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലിയാവിന്റെ ആത്മാവോടും ശക്തിയോടുംകൂടെ നടക്കും (ലൂക്കൊ. 1:17). ഇത് കർത്താവിന്റെ പ്രവൃത്തിയാണ്. അന്ത്യനാളുകളിൽ കർത്താവിന്റെ വരവിനു മുമ്പായിട്ടുള്ള ഒരു ഉണർവ്വിന്റെ ശേഷിപ്പ് ആളുകളെ ദൈവത്തിങ്കലേക്ക് മടക്കി വരുത്തി. കർത്താവിന്റെ വരവിന് ഒരുക്കമുള്ളവരാക്കി നിർത്തുവാൻ!

വിശ്വസ്തരിക്കുന്നവരെ ദൈവം വിളിക്കുന്നു

ഇന്ന്, ദൈവത്തിനായി വിശ്വസ്തരായി, ദാഹിക്കുന്നവരെ, ദു:ഖത്തോടെ ഭയമുള്ളവരായി ആയിരിക്കുന്ന ദൈവജനത്തോട് ദൈവം സംസാരിക്കുന്നു. ആ ചുരുങ്ങിയ ശേഷിപ്പിൽ നിന്ന് തന്റെ പരിശുദ്ധാത്മാവിനാൽ

(ശേഷം 8-ാംപേജിൽ)

(7-ാംപേജിന്റെ തുടർച്ച)

ഉപവസിക്കുക,തുടർച്ചയായി പ്രാർത്ഥിക്കുക

കർത്താവിന്റെ രണ്ടാം വരവിനായി ഒരുക്കുന്നു. നമ്മുടെ വിശ്വാസം പരിശോധിക്കപ്പെടുന്നു എങ്കിലും, ദൈവവചനത്തിന്റെ ദൂതിൽ നമുക്കു വിശ്വസിക്കാം (ലൂക്കോ. 18:7,8).

ഉണർവ്വിനുവേണ്ടി പ്രാർത്ഥിക്കുന്നവർ ധൈര്യമായിരിക്കട്ടെ. പ്രാർത്ഥനയില്ലായ്മ, സ്നേഹത്തിന്റെ കുറവ്, നിഗളം, ലോകമയത്വം അലസത എന്നിവ വിശ്വാസികളെപ്പോലും പിടിച്ചിരിക്കുമ്പോൾ ദൈവം നമ്മെ തന്റെ പദ്ധതിക്കായി വിളിക്കുന്നു. ദൈവം നമ്മെ ശ്രദ്ധിച്ചു നോക്കുന്നു, നിങ്ങൾ വീഞ്ഞു കുടിക്കയും വിശേഷതൈലം പൂശുകയും ചെയ്യുന്നു. (ആമോ. 6:6) എത്ര ദോഷകരമായിട്ടാണ് അവർ കാണപ്പെടുന്നത് എന്ന് കാണുക, അവനോട് "യഹോവേ നീ നഗരത്തിന്റെ നടുവിൽ യരുശലേമിന്റെ നടുവിൽ കൂടി ചെന്ന്, അതിൽ കാണുന്ന സകല മ്ലേച്ഛതകളും നിമിത്തം നെടുവീർപ്പിട്ടു കരയുന്ന പുരുഷന്മാരുടെ നെറ്റികളിൽ ഒരു അടയാളം ഇടുക എന്ന് കല്പിച്ചു" (യെഹ. 7:4).

ദാഹിക്കുന്ന ആത്മാക്കളെ അവിടുന്ന് തൃപ്തിപ്പെടുത്തുന്നു.

ദൈവം, ഉണർവ്വിനുവേണ്ടി ഹൃദയത്തിലും ആത്മാവിലും കരയുന്നവരെ, തന്റെ രക്തത്തിന്റെ വിലകളായിരിക്കുന്ന തന്റെ ജനത്തിനു വേണ്ടി കരയുന്നവർക്ക് മറുപടി നൽകുവാൻ തക്കവണ്ണം ദൈവം വിശ്വസ്തനായിരിക്കുന്നു. "ദൈവമോ രാപ്പകൽ തന്നോടു നിലവിളിക്കുന്ന തന്റെ വൃതന്മാരുടെ കാര്യത്തിൽ ദീർഘക്ഷമയുള്ളവൻ ആയാലും അവരെ പ്രതിക്രിയനടത്തി രക്ഷിക്കയില്ലയോ? " (ലൂക്കോ.18:7). അതുകൊണ്ട് നമുക്കു മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കാം (ലൂക്കോ. 18:1).

"ഞാൻ നിങ്ങളുടെ ഇടയിൽ അയച്ചിരിക്കുന്ന എന്റെ മഹാസൈന്യമായ വെട്ടുക്കിളിയും വിട്ടിലും തുള്ളനും പച്ചപ്പുഴുവും തിന്നുകളഞ്ഞ സംവത്സരങ്ങൾക്കു വേണ്ടി ഞാൻ നിങ്ങൾക്ക് പകരം നൽകും. നിങ്ങൾ വേണ്ടുവോളം തിന്നു തൃപ്തരായി നിങ്ങളോട് അത്ഭുതമായി പ്രവർത്തിച്ചിരിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ സ്തുതിക്കും, എന്റെ ജനം ഒരുനാളും ലജ്ജിച്ചു പോകയുമില്ല" (യോവേൽ 2:25,26), അവിടുന്ന് നമുക്കു ധാരാളം മഴ പെയ്യിക്കും. കൊയ്ത്തിന്റെ മഴ കർത്താവിന്റെ വരവിനായി നമ്മെ ഒരുക്കുന്നതായ മഴ, മുന്മഴയും, പിന്മഴയും.

വിശ്വാസത്തിൽ പിടിച്ചു നിൽക്ക, പരിശുദ്ധാത്മാവിൽ ഉണർവ്വിന്റെ പ്രാർത്ഥന പ്രാർത്ഥിക്കുക, മറുപടി ലഭിക്കുന്നതുവരെയും പ്രാർത്ഥിക്കുക. എന്നിട്ട് ആത്മാവിൽ നടക്കുന്നതു തുടരുക (ഗലാ. 5:16), എന്നിട്ട് വിശ്വാസത്തിലും അനുസരണത്തിലും കർത്താവു വരുവോളം ജീവിക്കുക.

ബുദ്ധിഹീനരായ കന്യകമാരെപ്പോലെ ആകാതെ എണ്ണകരുതുക !

(മത്തായി 25:1-13)

യേശു പറയുന്നു, "നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്ക് ഭവിക്കട്ടെ" (മത്താ. 9:29). നിങ്ങളിലുള്ള വിശ്വാസത്തെക്കുറിച്ചു സന്തോഷിക്കുക, ഉണർവ്വിനുവേണ്ടിയുള്ള ഓരോ പ്രാർത്ഥനയും, ആത്മാവിനാൽ നടത്തപ്പെടുന്ന, നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കട്ടെ. എന്റെ സഹോദരാ, എന്റെ സഹോദരീ നിങ്ങളുടെ വിളക്ക് തെളിയിക്കുക. ഉണർവ്വിനായി പ്രാർത്ഥിക്കുക. പരിശുദ്ധാത്മാവിന്റെ നിർബ്ബന്ധം ആത്മാവിൽ നിങ്ങൾ ഏറ്റെടുക്കുക, പ്രാർത്ഥിക്കുക, നാം അറിഞ്ഞുകൊൾക; "യഹോവയെ അറിവാൻ നാം ഉത്സാഹിക്ക; അവന്റെ ഉദയം പ്രഭാതം പോലെ നിശ്ചയമുള്ളത്; അവൻ മഴ പോലെ ഭൂമിയെ നനെയ്ക്കുന്ന പിന്മഴപോലെ തന്നെ നമ്മുടെ അടുക്കൽ വരും" (ഹോശ. 6:3).

❖

ദൈവത്തിന്റെ മഹത്വകരമായ പദ്ധതിയുടെ ഉപകരണങ്ങൾ

By Lois J.Stucky

അപ്പോസ്തലനായ പൗലൊസ് നമ്മെ ഓർമ്മിപ്പിക്കുന്നത് തിമൊഥെയോസിനെ ഓർമ്മിപ്പിക്കുന്നത്, ദൈവത്തിന് അവൻ നമ്മെ രക്ഷിക്കയും വിശുദ്ധവിളികൊണ്ട് വിളിക്കയും ചെയ്തു (2തിമൊ. 2:19).

ഈ ലോകത്തിലത് ദൈവം തന്റെ മഹത്വകരമായ പദ്ധതിയിൽ രക്ഷിക്കപ്പെട്ട ദൈവജനത്തെ കൂടെ കൂട്ടിയ ദൈവകൃപയെത്രയോ വിചിത്രം! ഈ അവസാന നാളുകളിൽ ദൈവം മഹത്വമേറിയതും വലുതുമായ കാര്യങ്ങൾ ആഗ്രഹിക്കുന്നു. കർത്താവിന്റെ വരവിന്റെ ഈ അനുഗ്രഹിക്കപ്പെട്ട നാളുകളിൽ തന്റെ ജനത്തെ ഒരുക്കി നിർത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. ആ അനുഗ്രഹിക്കപ്പെട്ട നാളുകൾ അതിന്റെ പാരമ്യതയിലേക്കെത്തിയിരിക്കുന്നു. പ്രാർത്ഥനയിലൂടെ അത് ചെയ്തുകൊണ്ടിരിക്കുന്നു; ദൈവത്തിന്റെ ഇഷ്ടവും പദ്ധതിയും വെളിപ്പെടേണം. ദൈവത്തിന്റെ ഉദ്ദേശത്തിന്റെ നിവൃത്തിക്കുവേണ്ടി നാം പ്രാർത്ഥിക്കേണ്ടതാവശ്യമാണ്. ദൈവത്തിന്റെ ഇഷ്ടത്തിന് സമർപ്പിക്കപ്പെട്ടവരായി തന്റെ പദ്ധതിക്ക് യോഗ്യരായി എണ്ണപ്പെട്ട് വിശ്വാസത്തിൽ നിലനിന്ന് തന്റെ പ്രവർത്തി നമ്മിലും നമ്മിലൂടെയും വെളിപ്പെടുന്നു. നാം നമുക്കുവേണ്ടി നമ്മുടെ മക്കൾക്കുവേണ്ടി ബോധപൂർവ്വം പ്രവർത്തിക്കേണ്ടതാണ്. കഴിഞ്ഞ നാളുകളിൽ ദൈവം തന്റെ പദ്ധതി പ്രകാരം നമ്മെ പാലിപ്പാൻ നമുക്കുവേണ്ടി ഏല്പിച്ചു തരികയായിരുന്നു. യുവത്വത്തിന്റെ വിശ്വാസവും പ്രാർത്ഥനയും സമർത്ഥമായ അർപ്പണമാണ്.

ദൈവത്തിന് പ്രസാദമുള്ള യാഗമായി നിങ്ങളെതന്നെ പുതുക്കത്തോടെ അർപ്പിക്കേണ്ടത് ആവശ്യം. ഇതു നിങ്ങളെ അന്യോന്യം വഹിക്കുന്നവനാക്കും. അങ്ങനെ, നിങ്ങൾക്ക് അവിടുത്തെ സ്നേഹിതനാകുവാൻ കഴിയും.

പ്രീയരേ, നാം ഓട്ടക്കളത്തിൽ അവസാനനിമിഷത്തിലാണ്. അവസാന നിമിഷങ്ങൾ എത്ര പ്രധാനമാണ്. എല്ലാ ആയാസവും ഒരുക്കങ്ങളും വിജയത്തിനാവശ്യമാണ്. ചിന്തയില്ലാത്ത ജീവിതങ്ങൾക്ക് വിജയം വരിക്കാൻ സാധ്യമല്ല.

ദൈവത്തിന് നിങ്ങളെ ആവശ്യമുണ്ട്. നമുക്ക് മുന്നമേ പോയി മാതൃക കാണിച്ചു തന്ന നല്ല മാതൃക നമുക്കുണ്ട്. അവർ പോയതുപോലെ നിങ്ങൾക്കും പിന്തുടർന്നുകൂടേ, കാൽവറിയിലേക്കുള്ള എല്ലാവഴികളിലും. ❖

ഒരു രാഷ്ട്രത്തിന്റെ ബലം അവന്റെ വീട്ടിൽ നിന്നു ആർജ്ജിക്കുന്നു.

By George R.Stuart

(ലേഖകന്റെ കുറിപ്പ്: നമ്മുടെ ദേശത്തിന്റെ ഉണർവ്വിനുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ, സഭകളുടെ ഉണർവ്വിന് വേണ്ടി, നമ്മുടെ ജീവിതങ്ങളുടെ ഉണർവ്വിനു വേണ്ടി പ്രാർത്ഥിക്കുമ്പോൾ, നമ്മുടെ വീടിന്റെ ഉണർവ്വിനു വേണ്ടി നാം പ്രാർത്ഥിക്കേണം.)

എത്രകാലം ഞാൻ ജീവിച്ചാലും എത്ര വീടുകൾ ഞാൻ സന്ദർശിച്ചാലും, എത്ര ദു:ഖത്തിലിരിക്കുന്നവരെയും ഭാരത്തോടെ ഇരിക്കുന്നവരെയും ഞാൻ സന്ദർശിച്ചാലും ജീവിതത്തിന്റെ വിജയങ്ങളും പരാജയങ്ങളും വന്നാലും, തലമുറയിലെ ഏറ്റവും വലിയ പ്രശ്നം വീട്ടിൽ തന്നെയാണ്.

ലോകത്തിന്റെ കൃപ പശ്ചാത്തലത്തെ വച്ചു നോക്കുമ്പോൾ കുടിലുകളായിരുന്നാലും കൊട്ടാരമായിരുന്നാ ലും ദു:ഖത്തിനും സന്തോഷത്തിനും അധികം സാധ്യതകളുണ്ട്. ധാർമ്മികവും, സാമൂഹികവും, സാധാരണ ജീവിതത്തിന്റെ എല്ലാ സന്തോഷങ്ങളും പുറപ്പെടുന്നത് ഭവനത്തിൽ നിന്നും തന്നെയാണ്. ഓരോ മനുഷ്യനും വീട്ടിൽ നിന്നും ചുവട് വച്ച് തന്റെ സാമൂഹികവും, ധാർമ്മികവും ആയ സാധാരണ ജീവിതത്തിലേക്ക് എത്തിച്ചേരുന്നു. അവൻ വീട്ടിൽ എന്ത് ആയിരിക്കുന്നുവോ അത് തന്നെ തന്റെ സാധാരണ ജീവിതത്തിലും പ്രകടമാണ്.

ദൈവം ഒരു രാഷ്ട്രം ആരംഭിക്കുന്നു

ദൈവം ഒരു രാഷ്ട്രം ആരംഭിക്കുമ്പോൾ, അവിടുന്ന് മനുഷ്യന്റെ ഭവന ജീവിതത്തെക്കുറിച്ച് ചിന്തിക്കുന്നു. അബ്രഹാമിനെ അടിസ്ഥാനമായി തെരഞ്ഞെടുക്കുന്നു, യഹോവ അബ്രഹാമിനെക്കുറിച്ച് അരുളിച്ചെയ്തത് അവന് നിവർത്തിച്ചുകൊടുപ്പാൻ തക്കവണ്ണം പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവർത്തിച്ചുകൊണ്ട് യഹോവയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിന് ഞാൻ അവനെ തെരഞ്ഞെടുത്തിരിക്കുന്നു (ഉല്പ. 18:19).

ദൈവത്തിന്റെ ആശയത്തിലുള്ള രാഷ്ട്രം ആരംഭിക്കുന്നത് ഭവനത്തിൽ നിന്നുമാണ്, ഭവനത്തിന്റെ പിതാവ് ദൈവത്തിന്റെ വഴിയിൽ നടക്കുന്നു, നീതിയും ന്യായവും അനുസരിച്ച് നടക്കുന്നു, തന്റെ കുഞ്ഞുങ്ങളും തന്റെ വീട്ടുകാർ മുഴുവനും ദൈവത്തെ പിൻപറ്റുന്നു.

ഭവനത്തിന്റെ അധികാരം

ഭവനത്തിന്റെ അധികാരവും അതിന്റെ ഉദാഹരണവും താഴെക്കാണുന്ന വാക്യത്തിൽ കാണാം. അവൻ തന്റെ കുഞ്ഞുങ്ങളോടും വീട്ടുകാരോടും ആജ്ഞാപിക്കുന്നു. പത്തു വർഷം ഞാൻ ഒരു സ്കൂൾ ടീച്ചറായി ചെലവഴിച്ചു. ഈ പാഠത്തെക്കുറിച്ച് ഞാൻ കൂടുതലായി പഠിച്ചു, ഭവനത്തിന്റെ അധികാരത്തെക്കുറിച്ചും അതിന്റെ ഉദാഹരണത്തെക്കുറിച്ചും ജീവിതത്തിന്റെ ചോദ്യങ്ങളെക്കുറിച്ചും അതിന്റെ സ്വാഭാവത്തെക്കുറിച്ചും പഠിച്ചു. ഒരു മെതഡിസ്റ്റ് പ്രാസംഗികനായി ചില വർഷങ്ങൾ ചെലവഴിച്ചു, ഭവന സന്ദർശനങ്ങൾ നടത്തി. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ചു, വീട്ടിലെ അധികാരങ്ങളെക്കുറിച്ചും വീട്ടിലെ ഉദാഹരണങ്ങളെക്കുറിച്ചും കിട്ടാവുന്ന രേഖകൾ ശേഖരിച്ചും ന്യായപ്രമാണത്തിലും സുവിശേഷങ്ങളിലും പ്രതിപാദിക്കുന്ന വിഷയങ്ങളെ കണ്ടുപിടിച്ച് ഒരു ക്രിസ്തീയ രാജ്യത്തെക്കുറിച്ച് പഠിക്കുവാനും ഇടയായി.

അരാജകത്വം ജനിക്കുന്നത് അക്രമാസക്തരായ ഒരു ജനക്കൂട്ടത്തിലല്ല; നിയമരാഹിത്യം ആരംഭിക്കുന്നത് തെരുവു കൂട്ടങ്ങളിലുമല്ല. അനുസരണത്തിന്റെ പാഠം പഠിക്കുന്നത് കുട്ടിക്കാലത്താണ്. തന്റെ മാതാപിതാക്കളെ അനുസരിക്കാത്ത ഒരു കുട്ടി ഒരിക്കലും ഒരു സാമൂഹിക നിയമങ്ങളോ ദേശീയ നിയമങ്ങളോ ദൈവീക ന്യായപ്രമാണങ്ങളെ അനുസരിക്കയില്ല.

ദൈവം അരുളിച്ചെയ്യുന്നു, " കുഞ്ഞുങ്ങളേ, നിങ്ങളുടെ അമ്മയപ്പന്മാരെ അനുസരിപ്പിൻ, അവിടുന്ന് ലോകത്തിന് അനുസരണത്തിന്റെ പാഠങ്ങൾ കൊടുത്തു.

ഈ കാലത്തിലെ അപകടകരമായ കാര്യം എന്നത് കുഞ്ഞുങ്ങളോടൊപ്പം സമയം ചെലവഴിപ്പാൻ സമയം കണ്ടെത്താത്ത മാതാപിതാക്കന്മാരാണ്. ഒരു ആറു വയസായ ഒരു കുട്ടി, ആക്രോശിക്കുന്ന ബഹളമുണ്ടാക്കുന്ന ഒരു കുട്ടിക്കുവേണ്ടി, ഒരു യാത്ര ഒഴിവാക്കുവാനോ ഒരു പ്രോഗ്രാം മാറ്റി വക്കാനോ അമ്മയോ അപ്പനോ തയ്യാറാകുന്നില്ല.

കുറച്ചു നാൾ മുമ്പ് ഒരു ഭവനത്തിൽ ഞാൻ പോയിരുന്നു. അവിടെ ഒരു അപ്പൻ ആറു വയസ്സുള്ള കുട്ടിയോട് ഒരു ജന്നൽ അടക്കുവാനാവശ്യപ്പെട്ടു, അവൾ മറുപടി പറഞ്ഞു, ഇല്ല, ഞാൻ ചെയ്യുകയില്ല. അവൾ പറഞ്ഞു, അപ്പന് അടച്ചുകൂടായോ? അവൾ പറഞ്ഞു, ഇല്ല ഞാൻ ചെയ്യുകയില്ല.

ഞാൻ നോക്കി നില്ക്കുമ്പോൾ അദ്ദേഹം എഴുന്നേറ്റ് ആ ജന്നൽ അടെച്ചു.

ഒരിക്കൽ ഒരു സംഭവം എന്നോട് പറഞ്ഞു. അവൾക്ക് ഒരു ചെറിയ കുട്ടി ഉണ്ടായിരുന്നു. അവൾ അവളോട് ചോദിച്ചു, ഞാൻ വീട്ടിലേക്ക് മടങ്ങി വരുമ്പോൾ അവൾ ഈ സംഭവം കേട്ടിട്ടുണ്ടായിരിക്കുമോ. അവൾ പറഞ്ഞു, അതെ, അമ്മ എന്താണ് ആവശ്യം എന്നവളോട് ചോദിച്ചു. അവർ ഇങ്ങനെ മറുപടി പറഞ്ഞു. നല്ല അടി എന്നാൽ കൊച്ചു വീരൻ മറുപടി പറഞ്ഞു. അമ്മക്ക് ഒരു അച്ഛനെ ആവശ്യമുണ്ട് ഈ തലമുറയുടെ ഇന്നത്തെ സംസാരം വിചിത്രം.

അക്കാഡമിയിൽ നിന്നോ കോളെജിൽ നിന്നോ യൂണിവേഴ്സിറ്റിയിൽ നിന്നോ ഉള്ള പാഠങ്ങൾ ഒരു പക്ഷേ മോശമായിരിക്കാം, എന്നാൽ വീട്ടിൽ നിന്നുള്ള നിസാര പാഠങ്ങൾ ജീവകാലം മുഴുവനും ഓർമ്മിക്കും മറ്റേതൊരു വാക്കുകളെക്കാളും കുട്ടിക്കാലത്ത് തന്റെ അമ്മയുടെ വാക്കുകൾ അവരെ ഏറെ സ്വാധീനിക്കും.

ഉറച്ച ദൈവഭക്തിയും ആനന്ദകരമായ അധികാരവും

ഉറച്ച ദൈവഭക്തിയും ആനന്ദകരമായ അധികാരവും ഒരുമിച്ചു പോകുമ്പോൾ അതിനെ അനുസരണമുള്ള ഭക്തിയുള്ള കുട്ടികൾ പിന്തുടരുന്നു. ഉദാഹരണവും അധികാരവും ഒരുമിച്ചു പോകുന്നു. അബ്രഹാം തന്റെ മക്കളെ അനുസരണത്തിൽ നടത്തും എന്ന് ദൈവം അറിഞ്ഞു.

ലോകത്തിലുടനീളം എത്രയോ വഴി പിഴെച്ച കുട്ടികളെ ഉറച്ച ദൈവഭക്തിയും ആനന്ദകരമായ അധികാരവും നൽകുന്ന കൂട്ടുകെട്ടുകൾ നേർവഴിക്കാക്കിയിട്ടുണ്ട്. നമ്മുടെ കുഞ്ഞുങ്ങൾ

(ശേഷം 10-ാം പേജിൽ)

(9-ാം പേജിന്റെ തുടർച്ച)

ഒരു രാഷ്ട്രത്തിന്റെ ബലം അവന്റെ വീട്ടിൽ നിന്നും ആർജ്ജിക്കുന്നു.

തിരിഞ്ഞ് അവരുടെ വഴികൾ ദൈവത്തിനു മാത്രമറിയാം. നമ്മുടെ കുഞ്ഞുങ്ങളുടെ ധാർമ്മിക നിലവാരം പിശാചിനാൽ ബാധിക്കപ്പെട്ട് നശിച്ചു പോകാതെ അമ്മയും അപ്പനും അവരെ തങ്ങളുടെ തണലിൽ നിർത്തി പരീക്ഷയിൽ അകപ്പെടാതെ വഴി നടത്തേണ്ടതാണ്.

മിസിസ് സൂസന്ന വെസ്ലി, സാമാന്യം നല്ല കുടുംബത്തിൽ നിന്നും വരുവാനുള്ള തലമുറകൾക്കും അനുഗ്രഹമായി ദൈവത്തിന്റെ ആജ്ഞകൾക്കനുസരണമായി തന്റെ പത്തൊൻപതു കുട്ടികളെയും വളർത്തി അവരുടെ ആദ്യ പടി, അവർ പറയുന്നു, കുട്ടികളുടെ പൂർണ്ണ നിയന്ത്രണം അവർ പൂർണ്ണമായി നിർവ്വഹിച്ചു. ഞാൻ ഇത് എങ്ങനെ ചെയ്തു എന്ന് എനിക്ക് പറയാൻ കഴികയില്ല. തെറ്റാത്ത ഒരു നിയമം ഉണ്ടായിരുന്നു. എന്നാൽ ആ നിയമം വ്യത്യസ്തമായിരുന്നു. ഒരു കാര്യം സത്യമാണ്. അധികാരം ആവശ്യമാണ്. കുട്ടികളേയും അവരുടെ പ്രശ്നത്തെയും ദൈവത്തോട് പറയുക; നിങ്ങൾ നിങ്ങളുടെ കുട്ടികളെ സ്നേഹിക്കുന്നു എന്ന നിലയിൽ അവർ ദൈവത്തെ ഭയപ്പെടുന്നു എന്ന നിലയിലും അവരുടെ അനുസരണത്തെ കാത്തു സൂക്ഷിക്കുവാൻ ഉത്സാഹിക്ക.

എന്റെ സ്വന്തം അമ്മ

എല്ലാറ്റിലും ഉപരി എനിക്ക് നല്ല ഒരു അമ്മയുണ്ട് എന്നുള്ളതിനാൽ ഞാൻ ഏറെ നന്ദിയുള്ളവനാണ്. ഒരു അമ്മ അവർ പറയുമ്പോൾ, ജോർജ്ജേ അരുത്, ഞാൻ ചെയ്തില്ല. ഞാൻ ചെയ്തില്ല എങ്കിൽ, അപ്പോൾ അവർ ചെയ്തു. ഞാൻ ധാർമ്മികമായി, ആത്മികമായി, ഒരു നല്ല അമ്മയുടെ അധികാരം.....

അപ്പന്മാരേ, അമ്മമാരേ, കേൾപ്പിൻ! കൊച്ചുകുട്ടികൾ നിങ്ങളുടെ മുഖത്തേക്ക് നോക്കുന്നു. അവർ ചോദിക്കുന്നു, ഏതു വഴിയിൽ നടക്കേണം. അവർ നിങ്ങളുടെ പാത പിന്തുടരുന്നു. അവരെ തെറ്റായി നയിക്കരുത്. ദൈവം നിങ്ങളെ സഹായിക്കും. ഇപ്പോൾ നിർത്തുക. നിങ്ങളുടെ കൈക്കീഴിൽ അവരെ കൂട്ടിച്ചേർക്കുക, പാപത്തെ പുറകിൽ എറിഞ്ഞുകളക, നിങ്ങളുടെ മുഖം ദൈവത്തിങ്കലേക്കു ഉയർത്തുക. ❖

അതെ, ഒരു ഉണർവ്വിനുവേണ്ടി

By S.B. Shaw

" ഉറക്കെ വിളിക്ക അടങ്ങിയിരിക്കരുത് കാഹളം പോലെ നിന്റെ ശബ്ദം ഉയർത്തി നിന്റെ ജനത്തിന് അവരുടെ ലംഘനത്തെയും യാക്കോബ് ഗൃഹത്തിന് അവരുടെ പാപങ്ങളെയും അറിയിക്ക " (യെശ.58:1).

നാം ഒരു നിരാശാവാദി അല്ല. ലോകത്തിന്റെ അടിസ്ഥാനമായി ദൈവം യഥാർത്ഥമായി നിൽക്കുമ്പോൾ ഒരു നിമിഷത്തേക്ക് കണ്ണ് മങ്ങി വസ്തുതകളെ മറച്ചു വയ്ക്കുവാൻ നമുക്കു കഴിയുകയില്ല. ദൈവത്തിന് ആയിരങ്ങൾ, ലോകത്തിന്റെ മുമ്പിൽ മുട്ടുമടക്കാത്ത ജഡത്തിന്റെ മുമ്പിൽ പിശാചിന്റെ മുമ്പിൽ മുട്ടുമടക്കാത്തവരായി ഉണ്ട് എന്നുള്ളതിനെ ചോദ്യം ചെയ്യുവാൻ ഒരു നിമിഷം നമുക്കു സാദ്ധ്യമല്ല. പാഴ് നിലത്തിനെ വെള്ളം ഒഴുക്കിക്കളയുന്നതുപോലെ ദുരുപദേശത്തിന്റെയും തെറ്റായ പഠിപ്പിക്കലിന്റെയും ഒഴുക്കുകൾ തുടച്ചു മാറ്റുവാൻ കഴിയുകയില്ല. ഇതിന് പരിഹാരം എന്നത് പഴയകാലങ്ങളിൽ ഉണ്ടായതുപോലെ ഒരു ഉണർവ്വുണ്ടാകണം എന്നതാണ്. ശക്തമായ ഉണർവ്വുണ്ടായിട്ടു പരിശുദ്ധാത്മാവിന്റെ രക്ഷണ്യ പ്രവർത്തിയുടെ വ്യാപാരം ഉണ്ടാകേണം.

അതെ, ഒരു ഉണർവ്വുണ്ടായിട്ട് വിശ്വാസികൾ അവരുടെ അന്യദൈവങ്ങളെയും പാപങ്ങളെയും വിട്ട് ലോകമയത്വത്തിൽ നിന്നു ജീവനുള്ള ദൈവത്തിങ്കലേക്ക് മടങ്ങി വരേണം. അവരുടെ പഴയരീതികൾ തകരേണം, ജീവജലത്തിന്റെ ഉറവിങ്കലേക്ക് വരേണം; ദൈവത്തിന്റെ ദാസന്മാരുടെ വചന പ്രസംഗങ്ങളിലൂടെ വ്യാപരിക്കുന്ന ഉണർവ്വുകൾ, അനുരജ്ഞനമില്ലാത്ത സ്വർഗ്ഗത്തിൽ നിന്നും അയക്കപ്പെടുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയിലേക്ക് വരേണം, എല്ലാ വിധ പാപങ്ങളെയും ഇല്ലാതാക്കുന്ന പരിശുദ്ധാത്മാവിന്റെ ലോകത്തിന്റെ എല്ലാവിധമായ ഉല്ലാസങ്ങളും വചനവിരുദ്ധമായ എല്ലാവിധ പദ്ധതികളും പണത്തോടുള്ള എല്ലാവിധ മോഹങ്ങളും വിട്ട് സുവിശേഷത്തിൽ വിശ്വസിച്ച് പരിശുദ്ധാത്മാവിന്റെ ഉണർവ്വുണ്ടാകേണം.

ഉണർവ്വ് ദൈവജനത്തെ എല്ലാ അത്യാഗ്രഹങ്ങളിൽ നിന്നും, ലോകസ്നേഹത്തിൽ നിന്നും, മനസിലും ആത്മാവിലും ശരീരത്തിലും ഉള്ള എല്ലാവിധമായ അശുദ്ധിയിൽ നിന്നും വിടുവിച്ചു കാക്കുന്നു; യഥാർത്ഥ ഉണർവ്വ് നമ്മുടെ ഉപദേഷ്ടാക്കന്മാരെ കണ്ണു തുറപ്പിക്കുവാൻ സഹായിക്കുന്നു, അവരുടെ ചുമതലകളെ മനസിലാക്കുവാൻ, ജനത്തെ അവരുടെ പിന്മാറ്റങ്ങളിൽ നിന്നും മടക്കി വരുത്തുവാനും ആയിരങ്ങളെ ധാർമ്മിക നിയമങ്ങളിലേക്ക് നടത്തുവാനും ഉണർവ്വ് ഒരു വെള്ളപൊക്കം പോലെ, വെള്ളം ഒളിപ്പിടത്തെ ഒഴുക്കിക്കൊണ്ട് പോകും കന്മഴ വ്യാജശരണത്തെ നീക്കിക്കളയും (യെശ. 28:17).

സഭക്കകത്തും പുറത്തും നമ്മെ വഞ്ചിക്കുവാനായി സാത്താൻ കൊണ്ടുവരുന്ന അവന്റെ എല്ലാ പദ്ധതികളെയും പൊളിച്ചുകളയുന്നു. " യഹോവയുടെ സഖിത്വം തന്റെ ഭക്തന്മാർക്കുണ്ടാകും; അവൻ തന്റെ നിയമം അവരെ അറിയിക്കുന്നു" (സങ്കീ. 25:14)

അതെ, ഉണർവ്വ് ലോകത്തിന്റെ ക്ഷണികത്വത്തെക്കുറിച്ചും നിത്യതയുടെ പ്രാധാന്യത്തെക്കുറിച്ചും നമ്മെ ഓർമ്മപ്പെടുത്തുന്നു., ഉണർവ്വ് ന്യായവിധിയുടെ ബോധം രക്ഷിക്കപ്പെടാത്ത ജീവിതങ്ങളിൽ നൽകുകയും ദൈവത്തിന്റെ ജനത്തെ തങ്ങളുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാന്മാരാക്കി ദൈവത്തിനായി പ്രവർത്തിപ്പാൻ നമ്മെ സജ്ജരാക്കുന്നു.

അതെ, ഉണർവ്വ് സ്വർഗ്ഗത്തെയും നരകത്തെയും ഉണ്ടാക്കുന്നു, കാൽവറിയും ഉയിർത്തെഴുന്നേൽപ്പും, പാപത്തിൽ നിന്നും ഉള്ള രക്ഷ, യേശുവിന്റെ രക്തത്താലുള്ള ശുദ്ധീകരണം, പരിശുദ്ധാത്മാവിന്റെ ദാനം. ജീവിത യാഥാർത്ഥ്യങ്ങൾ വചനത്തിന്റെ ഐക്യതയിൽ ആത്മാവിനാൽ വെളിപ്പെട്ടു വരുന്നു; ഒഴികഴിവ് പറയുകയോ അപേക്ഷിക്കുകയോ ചെയ്യുന്നതിന് പകരം ഉണർവ്വിൽ പാപം കൂടുതൽ വെളി

(ശേഷം 11-ാംപേജിൽ)

(10-ാം പേജിന്റെ തുടർച്ച)

അതെ, ഒരു ഉണർവ്വിനു വേണ്ടി

പ്പെടുന്നു, ആത്മാവ് അതിൽ നിന്നും തിരിഞ്ഞ് ദൈവത്തോട് കരയുന്നു, അയ്യോ ഞാൻ അരിഷ്ട മനുഷ്യൻ ഈ മരണത്തിനധീനമായ ശരീരത്തിൽ നിന്ന് ആർ വിടുവിക്കും (റോമർ. 7:24). പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടു പാപം പൂർണ്ണമായി നശിക്കുന്നതുവരെ, പാപങ്ങളെ മൂടിവയ്ക്കാതെ പാപത്തിന്റെ എല്ലാവിധമായ സ്വാധീനങ്ങളിൽ നിന്നും വിടുതൽ പ്രാപിച്ച് എല്ലാ ദുഷ്ടചിന്തകളിൽ നിന്നും ആഗ്രഹങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുന്നതുവരെ എല്ലാവിധമായ സുഖസൗകര്യങ്ങളും നിഷേധിക്കുന്നു.

അതെ, ഉണർവ്വിൽ, യഹോവയെ നിന്റെ ധനം കൊണ്ടും എല്ലാ വിളവിന്റെയും ആദ്യഫലം കൊണ്ടു ബഹുമാനിക്ക; അങ്ങനെ "നിന്റെ കളപ്പുരകൾ സമൃദ്ധിയായി നിറയും നിന്റെ ചക്കുകളിൽ വീഞ്ഞ് കവിഞ്ഞൊഴുകും" (സദൃ. 3:9,10), ദശാംശങ്ങൾ മന്ദിരത്തിലേക്ക് കൊണ്ടുവരുവാൻ തക്കവണ്ണം സ്വർഗ്ഗത്തിന്റെ കിളിവാതിലുകളെ ദൈവം ഉണർവ്വിൽ തുറക്കുന്നു. ഉണർവ്വ് വിശ്വാസികളെ സന്തോഷകൊണ്ട് നിറെക്കുന്നു, സമയത്തെയും ധനത്തെയും അനുഗ്രഹിക്കുന്നു. അവരുടെ ജീവിതങ്ങൾ അവരുടെ സഹോദരവർഗ്ഗങ്ങൾക്കും നഷ്ടപ്പെട്ടവരുടെ രക്ഷക്കും വേണ്ടിയുള്ളതാണെന്ന ബോധം ഉണ്ടാക്കുന്നു.

അതെ, ഉണർവ്വ് എന്നത് ദൈവസാന്നിദ്ധ്യവുമായി ബന്ധപ്പെട്ടു, അവിടുത്തെ ശക്തിയിൽ വീണ്, കരുണയ്ക്കായി കേണ് പെന്തെക്കോസ്തു നാളിൽ ചെയ്തതുപോലെ ഉണർവ്വ് അതിനെ സർവ്വലോകവും കാണുവനാനും അനുഭവിച്ചറിയുവാനും സ്വർഗ്ഗീയമായ ദൈവത്തിന്റെ മഹത്വപരമായ സ്വാധീനമാണ്. ഉണർവ്വ് എന്നത്, അന്ധകാരത്തെയും നരകത്തെയും അതിന്റെ സ്വാധീനത്തേയും കീഴടക്കി വിജയാരവം മുഴക്കി ഒരു ജനത്തെ തീയിൽ നിന്നും വലിച്ചെടുത്തു, അവരെ ദൈവത്തിനുവേണ്ടി നിർത്തുവാൻ അതെ ഒരു പുനർനവീകരണം ആവശ്യമില്ലാത്ത വണ്ണം അതിനെ ഉണർത്തി ആർക്കും എതിർക്കുവാൻ കഴിയാതവണ്ണം, ഒരു ശക്തമായ തിരമാല വന്നിട്ട് ഒരുവനും എതിർത്തു നില്ക്കുവാൻ കഴിയാതവണ്ണം അതിനെ തുടച്ചു മാറ്റി, എന്നേക്കും വിജയം കൊണ്ടാടുന്ന അനുഭവം!

ഇപ്രകാരം ഒരു ഉണർവ്വിനുവേണ്ടി ദൈവത്തോട് കരയാൻ ഇപ്രകാരം ഒരു ഉണർവ്വിന് വേണ്ടി കാത്തിരുന്നു പ്രാർത്ഥിക്കാം. ഇപ്രകാരം ഒരു ഉണർവ്വിനു വേണ്ടി പരിശുദ്ധാത്മാവ് അനേക ഹൃദയങ്ങളിൽ മദ്ധ്യസ്ഥത ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്രകാരം ഒരു ഉണർവ്വിനെ ദൈവം അയക്കുവാനാഗ്രഹിക്കുകയാണ്. ഞാൻ അവർക്ക് അനേകം ആളുകളെ ആട്ടിൻ കൂട്ടങ്ങളെപ്പോലെ എഴുന്നേൽപിച്ചുകൊടുക്കും (യെഹെ. 3:37). ദൈവം ഉണർവ്വ് അയക്കട്ടെ, നമുക്കു വേണ്ടിയല്ല, എന്നാൽ അവിടുത്തെ നാമത്തിനുവേണ്ടി അവിടുത്തെ നാമത്തിന്റെ ബഹുമാനത്തിനും മഹത്വത്തിനും വേണ്ടി! ആമേൻ. ❖